# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ ടി.എസ്.ആർ (എം1) 325 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020
തീയതി: 11/05/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റി

സർ,

വിഷയം : കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)റീജ്യണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)
3)സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
4)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ ടി.എസ്.ആർ (എം1) 325 /2022 തീയ്യതി: 11/05/2022

## തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 86 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 69 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഷാജി.കെ | ജോയിന്റ് ഡയറക്ടർ | 13-01-2022 | 02-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-01-2022 | 02-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ശിവൻ പി എ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീമതി ബിത ടി എസ് ,ഓഡിറ്റ് ഓഫീസർ (13.01.2022മുതൽ 17.01.2022വരെ,25.01.2022മുതൽ 02.02.2022വരെ)

ശ്രീമതി സീനത്ത് പി എ ,ഓഡിറ്റ് ഓഫീസർ

ശ്രീ നിർമ്മൽ കെ ജി ,ഓഡിറ്റ് ഓഫീസർ

ശ്രീ സുനിൽകുമാർ കെ സി,അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി വിദ്യ ഒ കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി രേഖ ഇ സി,ഓഡിറ്റർ

ശ്രീമതി ബിന്ദു കെ എസ്,ഓഡിറ്റർ(13.01.2022മുതൽ 04.02.2022വരെ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.ആർ.ജൈത്രൻ | ചെയർമാൻ | 01-04-2020 | 31-10-2020 |
| (അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി) | ചെയർമാൻ | 01-11-2020 | 19-12-2020 |
| ശ്രീമതി.എം.യു.ഷിനിജ | ചെയർപേഴ്സൺ | 20-12-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ടി.കെ.സുജിത്ത് | മുനിസിപ്പൽ സെക്രട്ടറി | 01-04-2020 | 28-01-2021 |
| ശ്രീ.സനിൽ.സി.എസ് | മുനിസിപ്പൽ സെക്രട്ടറി | 29-01-2021 | 31-03-2021 |
| ശ്രീ.സി.എസ്.പ്രകാശൻ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.ഇന്ദു.എസ്.നമ്പൂതിരി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.ദീപ.ആർ | സീനിയർ മെഡിക്കൽ ഓഫീസർ,ആയുർവേദം,മേത്തല | 01-04-2020 | 31-03-2021 |
| ശ്രീമതി.ആശ ആനന്ദ്.സി | പ്രിൻസിപ്പൽ, ഗവ.ഗേൾസ് എച്ച്.എച്ച്.എസ്,കൊടുങ്ങല്ലൂർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സിന്ധു.പി.പി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 18-06-2020 |
| ശ്രീമതി.സിമി റോസ് ആൻഡ്രൂസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 19-06-2020 | 02-11-2020 |
| ശ്രീമതി.ലിസി.പി.ഡി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 03-11-2020 | 31-03-2021 |
| ശ്രീ.സുധീർകുമാർ.കെ.പി | സീനിയർ മെഡിക്കൽ ഓഫീസർ,ആയുർവേദം,പുല്ലൂറ്റ് | 01-04-2020 | 31-03-2021 |
| ശ്രീ.സെബാസ്റ്റ്യൻ ഡൊമനിക്ക് | വ്യവസായ വികസന ഓഫീസർ | 01-04-2020 | 19-09-2020 |
| ശ്രീ.സതീഷ്.ഇ.കെ | വ്യവസായ വികസന ഓഫീസർ | 20-09-2020 | 31-03-2021 |
| ശ്രീ.സന്തോഷ് | പട്ടിക ജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.റുക്കിയ | ഹെഡ്മിസ്ട്രസ്, ജി.എച്ച്.എസ്.പുല്ലൂറ്റ് | 01-04-2020 | 31-03-2021 |
| ഡോ.ഗായത്രി | മെഡിക്കൽ ഓഫീസർ എഫ്..എച്ച്.സി | 01-04-2020 | 17-02-2021 |
| ഡോ.മുംതാസ് | മെഡിക്കൽ ഓഫീസർ എഫ്..എച്ച്.സി | 18-02-2021 | 31-03-2021 |
| ശ്രീ.കെ.വി.ഗോപാലകൃഷ്ണൻ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സീനത്ത് | ഹെഡ്മിസ്ട്രസ്, ഗവ.ഗേൾസ്.ജി.എച്ച്.എസ്.എസ് | 01-04-2020 | 27-09-2020 |
| ശ്രീമതി.ലത | ഹെഡ്മിസ്ട്രസ്, ഗവ.ഗേൾസ്.ജി.എച്ച്.എസ്.എസ് | 28-09-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.റോഷ്.ടി.വി | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | 01-04-2020 | 14-02-2021 |
| ഡോ.ഉണ്ണികൃഷ്ണൻ.കെ | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | 15-02-2021 | 31-03-2021 |
| ശ്രീമതി.ബീന കെ മേനോൻ | ഹെഡ്മിസ്ട്രസ്, പി.ബി.എം.ജി.എച്ച്.എസ്.,കൊടുങ്ങല്ലൂർ | 25-06-2020 | 17-09-2020 |
| ശ്രീമതി.സുഗതമ്മ.എം.ആർ | ഹെഡ്മിസ്ട്രസ്, പി.ബി.എം.ജി.എച്ച്.എസ്.,കൊടുങ്ങല്ലൂർ | 18-09-2020 | 31-03-2021 |
| ശ്രീമതി.മേരി.എൻ.ജി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 01-05-2020 |
| ശ്രീമതി.ശിഖ മർവിൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 02-05-2020 | 31-03-2021 |
| ശ്രീമതി. മോഹിനി പി.കെ | പ്രിൻസിപ്പാൾ, പി.ബി എം.ജി.എച്ച്.എസ്.എസ് ശൃംഗപുരം. | 01-04-2020 | 31-03-2021 |
| ശ്രീ.കെ.വി.ഗോപാലകൃഷ്ണൻ | പ്രൊജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2020 | 31-03-2021 |
| ശ്രീമതി.സൈറാബാനു | കൃഷി ഫീൽഡ് ഓഫീസർ | 01-04-2020 | 08-09-2020 |
| ശ്രീമതി.സിമിമോൾ.എൽ | കൃഷി ഫീൽഡ് ഓഫീസർ | 09-09-2020 | 31-03-2021 |
| ശ്രീമതി.സുമംഗലി എം എസ് | ഹെഡ് മിസ്ട്രസ്,പി ബി എം ജി എസ് എസ് കൊടുങ്ങല്ലൂർ | 01-04-2020 | 24-06-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 16-04-2022) | 1-9 |
| 10 | വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല<br>Written By: Nirmal K G (Audit Officer, On 30-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 07-05-2022) | 1-10 |
| 11 | വസ്തു നികുതി ഡിമാന്റ് - സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല<br>Written By: Nirmal K G (Audit Officer, On 30-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 07-05-2022) | 1-11 |
| 12 | വരവ് തുകകളുടെ ഡിമാന്റ് രജിസ്റ്റർ -വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: Nirmal K G (Audit Officer, On 30-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 07-05-2022) | 1-12 |
| 13 | മുൻകൂർ ലഭിച്ച തുകകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷികകണക്കുമായി പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Nirmal K G (Audit Officer, On 30-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 07-05-2022) | 1-13 |
| 14 | Prior Period Item- വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല<br>Written By: Nirmal K G (Audit Officer, On 30-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 07-05-2022) | 1-14 |
| 15 | ജേണൽ എൻട്രികൾക്ക് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല<br>Written By: Nirmal K G (Audit Officer, On 30-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 07-05-2022) | 1-15 |
| 16 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Nirmal K G (Audit Officer, On 30-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 16-04-2022) | 1-16 |
| 17 | സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Nirmal K G (Audit Officer, On 30-01-2022) | 1-17 |

| | | |
|---|---|---|
| | Last Updated By: P.A.Pravida (Audit Officer, On 07-05-2022) | |
| 18 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമാക്കേണ്ടതാണ്<br>Written By: Nirmal K G (Audit Officer, On 30-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 07-05-2022) | 1-18 |
| 19 | മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: Nirmal K G (Audit Officer, On 30-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 07-05-2022) | 1-19 |
| 20 | ഗ്രാന്റ് ബാധ്യത തുകക്ക് തത്തുല്യമായ ബാങ്ക് അക്കൗണ്ട് നിക്ഷേപങ്ങൾ കാണുന്നില്ല<br>Written By: Nirmal K G (Audit Officer, On 30-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 09-05-2022) | 1-20 |
| 21 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ്:-ലഭ്യമായ തുക ചെലവഴിക്കാതെ കിടക്കുന്നു<br>Written By: Nirmal K G (Audit Officer, On 30-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 07-05-2022) | 1-21 |
| 22 | റീ കൺസിലിയേഷൻ പത്രിക:- ശീർഷകത്തിൽ തെറ്റായി വർഷം രേഖപ്പെടുത്തിയിരിക്കുന്നു<br>Written By: Nirmal K G (Audit Officer, On 30-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 16-04-2022) | 1-22 |
| 23 | വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ പൊതു അപാകതകൾ<br>Written By: Nirmal K G (Audit Officer, On 30-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 07-05-2022) | 1-23 |
| 24 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസം ഡിമാന്റ് ജേണൽ എൻട്രി ചേർക്കുന്നില്ല<br>Written By: Nirmal K G (Audit Officer, On 30-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 07-05-2022) | 1-24 |
| 25 | Capital Work In Progress-വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Nirmal K G (Audit Officer, On 30-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 07-05-2022) | 1-25 |
| 26 | കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Nirmal K G (Audit Officer, On 30-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 07-05-2022) | 1-26 |
| 27 | തുക ചെലവഴിക്കാതെ സൂക്ഷിക്കുന്നു<br>Written By: Nirmal K G (Audit Officer, On 30-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 16-04-2022) | 1-27 |
| 28 | സർക്കാരിൽ നിന്നും ലോൺ ഇനത്തിൽ ലഭിച്ച തുക തിരിച്ചടവാക്കിയിട്ടില്ല<br>Written By: Nirmal K G (Audit Officer, On 30-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 07-05-2022) | 1-28 |
| 29 | രശീതിന്റെ സ്റ്റോക്ക് പരിശോധനയിൽ കണ്ട അപാകതകൾ<br>Written By: Bindhu (Auditor, On 08-02-2022)<br>Last Updated By: P.A.Sivan (Audit Officer, On 16-04-2022) | 1-29 |
| 30 | വാടകയ്ക്ക് നൽകിയ 133 മുറികളിൽ ഡി ആൻഡ് ഒ ലൈസൻസ് എടുത്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: REKHA E.C. (Auditor, On 13-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-30 |
| 31 | നാഷണൽ ഹൈവേക്ക സമീപം അനധികൃത കെട്ടിട നിർമ്മാണങ്ങൾ - തുടർ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Vidhya O.K (Senior Grade Auditor, On 17-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-31 |
| 32 | അനധികൃത കെട്ടിട നിർമ്മാണം - യു.എ. അസസ്മെന്റ് നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Vidhya O.K (Senior Grade Auditor, On 17-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-32 |
| 33 | അനധികൃത കെട്ടിടം- ലോഡ്ജിംഗ് ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിന് താമസ ആവശ്യത്തിനെന്ന പോലെ നികുതി ഈടാക്കുന്നു | 1-33 |

| | | |
|---|---|---|
| | Written By: Vidhya O.K (Senior Grade Auditor, On 17-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | |
| 34 | കല്യാണ ദായിനി സഭയുടെ അനധികൃത കെട്ടിടം ക്രമവൽക്കരണം - പാർക്കിംഗ് കോംപൗണ്ടിംഗ് ഫീസ് 5,00,000/- രൂപ കുറവായി കണക്കാക്കിയത് പുതുക്കിയതിന് ശേഷവും ന്യൂനതകൾ പരിഹരിച്ചതിന് ശേഷവും ക്രമവൽക്കരണ നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Vidhya O.K (Senior Grade Auditor, On 17-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-34 |
| 35 | ബിൽഡിംഗ് പെർമിറ്റ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Vidhya O.K (Senior Grade Auditor, On 17-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-35 |
| 36 | നഗരസഭയിലെ അനധികൃത കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Vidhya O.K (Senior Grade Auditor, On 17-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-36 |
| 37 | മേത്തല മേഖലാ കാര്യാലയത്തിലെ അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Vidhya O.K (Senior Grade Auditor, On 17-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-37 |
| 38 | ഒരു വ്യക്തിയുടെ ഒന്നിലധികം വാസഗൃഹങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി -പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Vidhya O.K (Senior Grade Auditor, On 17-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-38 |
| 39 | D&O ലൈസൻസ്<br>Written By: REKHA E.C. (Auditor, On 09-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 16-04-2022) | 1-39 |
| 40 | ട്യൂട്ടോറിയൽ കോളേജ് രെജിസ്ട്രേഷൻ- ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല<br>Written By: REKHA E.C. (Auditor, On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-40 |
| 41 | കോൺഫറൻസ് ഹാൾ /കമ്മ്യൂണിറ്റി ഹാൾ വാടക<br>Written By: REKHA E.C. (Auditor, On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-41 |
| 42 | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ രെജിസ്റ്ററേഷൻ ഫീ -ഫയലുകളും രജിസ്റ്ററുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല<br>Written By: REKHA E.C. (Auditor, On 09-03-2022)<br>Last Updated By: K.Shaji (Joint Director, On 11-05-2022) | 1-42 |
| 43 | ലേലം ഫയൽ ലഭ്യമാക്കിയില്ല<br>Written By: REKHA E.C. (Auditor, On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-43 |
| 44 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: REKHA E.C. (Auditor, On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-44 |
| 45 | കൃഷിഭവനിലേക്ക് കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-ഒറിജിനൽ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല<br>Written By: P.A.Seenath (Audit Officer, On 11-02-2022)<br>Last Updated By: K.Shaji (Joint Director, On 11-05-2022) | 1-45 |
| 46 | ഗവ.ആയുർവേദ ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ അപാകതകൾ<br>Written By: REKHA E.C. (Auditor, On 08-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-46 |
| 47 | ഗവ.ആയുർവേദ ആശുപത്രി-കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതി<br>Written By: REKHA E.C. (Auditor, On 08-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-47 |

| | | |
|---|---|---|
| 48 | പരസ്യനികുതി -ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല<br>Written By: P.A.Seenath (Audit Officer, On 11-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-48 |
| 49 | പട്ടികജാതി വനിതകൾക്ക് സ്വയംതൊഴിൽ സംരംഭത്തിന് ഇരുചക്രവാഹനം -തുക അധികം നൽകി<br>Written By: P.A.Seenath (Audit Officer, On 11-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 09-05-2022) | 1-49 |
| 50 | പി.എം.എ.വൈ പദ്ധതി:-ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: Nirmal K G (Audit Officer, On 30-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-50 |
| 51 | സെൻട്രൽ പെൻഷൻ ഫണ്ട്<br>Written By: Nirmal K G (Audit Officer, On 30-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-51 |
| 52 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി:-നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല<br>Written By: Nirmal K G (Audit Officer, On 02-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-52 |
| 53 | വീട് അറ്റകുറ്റപ്പണി:-നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല<br>Written By: Nirmal K G (Audit Officer, On 02-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-53 |
| 54 | പട്ടികജാതി വികസന ഓഫീസിലെ സൗകര്യം ഉയർത്തൽ:-ഉപകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല<br>Written By: Nirmal K G (Audit Officer, On 02-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-54 |
| 55 | പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ്. ഈടാക്കേണ്ടതാണ്<br>Written By: REKHA E.C. (Auditor, On 11-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-55 |
| 56 | പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന പ്രകാരം ഉപയോഗശൂന്യമായി കണ്ടെത്തിയ പൊതുടാപ്പുകൾ ഒഴിവാക്കുന്ന നടപടി ത്വരിതപ്പെടുത്തേണ്ടതാണ്<br>Written By: Bita.T.S (Audit Officer (HG), On 06-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-56 |
| 57 | വിനിയോഗവിവരം ലഭ്യമായിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 10-02-2022)<br>Last Updated By: P.A.Sivan (Audit Officer, On 16-04-2022) | 1-57 |
| 58 | വിവിധ പദ്ധതികളുടെ പൂർത്തീകരണവിവരം ലഭ്യമാക്കിയിട്ടില്ല<br>Written By: P.A.Seenath (Audit Officer, On 10-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-58 |
| 59 | നഗരസഭ വാഹനങ്ങളുടെ ലോഗ് ബുക്ക് പരിപാലനം<br>Written By: REKHA E.C. (Auditor, On 08-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-59 |
| 60 | തെങ്ങ് കൃഷി വികസനം-തെങ്ങ് വെട്ടൽ - അധിക തുക നൽകി<br>Written By: P.A.Seenath (Audit Officer, On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-60 |
| 61 | വൗച്ചർ പരിശോധന -അപാകതകൾ<br>Written By: P.A.Seenath (Audit Officer, On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-61 |
| 62 | സെക്രട്ടറിയുടെ ശമ്പളം സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. HRA -2% നഗരസഭയിൽ അടവാക്കിയിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 08-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 18-04-2022) | 1-62 |
| 63 | വസ്തു നികുതി പരിഷ്കരണം -ഡിജിറ്റലൈസേഷൻ -ഡാറ്റാ എൻട്രി നടത്തുന്നതിന് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം -സർക്കാർ അനുമതി ലഭ്യമാക്കണം<br>Written By: P.A.Seenath (Audit Officer, On 11-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-63 |

| | | |
|---|---|---|
| 64 | തൊഴിൽരഹിത വേതനം -അക്വിറ്റൻസ് ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: P.A.Seenath (Audit Officer, On 10-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-64 |
| 65 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-65 |
| 66 | നഗരസഭയ്ക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് നിയമവിരുദ്ധമായി ജി.എസ്.ടി നൽകി-169701/-തടസ്സപ്പെടുത്തുന്നു<br>Written By: P.A.Sivan (Audit Officer, On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-66 |
| 67 | സാധനസാമഗ്രികളുടെ ഗുണനിലവാരപരിശോധന നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല, റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയത് ആധികാരികമായ രീതിയിലല്ല<br>Written By: P.A.Sivan (Audit Officer, On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-67 |
| 68 | അസി.എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: P.A.Sivan (Audit Officer, On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-68 |
| 69 | ആശ്രയ-അഗതി രഹിത കേരളം പദ്ധതി -പ്ലാൻ ഫണ്ട് ചെലവഴിക്കാതെ ബാങ്ക്അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു<br>Written By: Bita.T.S (Audit Officer (HG), On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-69 |
| 70 | ബിറ്റുമിൻ ഇമൽഷനുകൾ എന്നിവ അനുവദിച്ച കരാറുകാരൻ പ്രവൃത്തി നിർവഹിച്ചില്ല, ഫയലുകൾ ഹാജരാക്കിയിട്ടില്ല-നിലവിലെ മാർക്കറ്റ് വില ഈടാക്കേണ്ടതും ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്<br>Written By: P.A.Sivan (Audit Officer, On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-70 |
| 71 | സയൻസ് പാർക്ക് -ഡി.പി.ആർ തയ്യാറാക്കാൻ തുക അനുവദിച്ചത് -അപാകതകൾ<br>Written By: P.A.Sivan (Audit Officer, On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-71 |
| 72 | കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണം - അപാകത<br>Written By: SunilKumar K C (Asst. Audit Officer, On 11-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 11-05-2022) | 1-72 |
| 73 | കൈപ്പറ്റ് രസീത്, തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല-1000000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു<br>Written By: Bita.T.S (Audit Officer (HG), On 11-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-73 |
| 74 | സോളിഡ് വേസ്റ്റ് മാനേജ്മെന്റ് - DPR തയ്യാറാക്കിയ വകയിൽ SEUF നുള്ള ഹോണറേറിയം-അപാകതകൾ;തൻ വർഷത്തെ ചെലവു തുക 71990 രൂപ തടസ്സത്തിൽ വെയ്ക്കുന്നു<br>Written By: Bita.T.S (Audit Officer (HG), On 11-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-74 |
| 75 | ഫയൽ ലഭ്യമാക്കിയില്ല;10,83,040 രൂപയുടെ ചെലവുതുക തടസ്സപ്പെടുത്തുന്നു<br>Written By: Bita.T.S (Audit Officer (HG), On 11-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 1-75 |

ഭാഗം **2**

--- No Records Found ---

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | പട്ടികജാതി വനിതകൾക്ക് സ്വയംതൊഴിൽ സംരംഭത്തിന് ഇരുചക്രവാഹനം -തുക അധികം നൽകി<br>Written By: P.A.Sivan (Audit Officer, On 11-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 18-04-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 18-04-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 18-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 18-04-2022) | 4-7 |
| 8 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 18-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 06-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: K.Shaji (Joint Director, On 11-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 30.03.2020, തീരുമാനം 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 108,73,45,807 | 109,44,51,758 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 20.02.2021 തീരുമാനം 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 79,39,54,493 | 80,08,30,651 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിച്ച് സമർപ്പിച്ച തീയതി |
|---|---|---|
| 31.07.2019 | 29.07.21 | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5,58,84,042.98 |
| വരവ് | 45,05,68,923 |
| ആകെ | 50,64,52,965.98 |
| ചെലവ് | 43,26,27,389 |
| നീക്കിയിരിപ്പ് | 7,38,25,570.98 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 8,12,62,409 | 8,12,62,409 | 7,16,87,743 | 95,74,666 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2,17,67,000 | 2,17,67,000 | 1,79,37,128 | 38,29,872 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 3,22,25,100 | 3,22,25,100 | 2,25,93,675 | 96,31,425 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 1,83,98,016 | 1,83,98,016 | 1,83,98,016 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 11,31,29,593 | 11,31,29,593 | 6,30,52,309 | 5,00,77,284 |

| | | | | | |
|---|---|---|---|---|---|
| (Basic) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) (Tied) | 0 | 4,50,80,000 | 4,50,80,000 | 2,08,08,979 | 2,42,71,021 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 603 | 41,54,88,952 | 209 | 25,28,65,758 | 213 | 181 | 60 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 19,504 | 1,00,00,000+ 62,137 (പലിശ) | 1,00,81,641 | 86,93,258 | 13,88,383 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 75,28,777 | 75,28,777 | 75,28,777 | |

ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ക്യാഷ്ബുക്ക് പ്രകാരമുള്ള ചെലവാണ് എടുത്തിട്ടുള്ളത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 48,960 | 11 |
| കർഷക തൊഴിലാളി പെൻഷൻ | 51,75,600 | 306 |
| വിധവാ പെൻഷൻ | 3,97,91,600 | 2702 |
| വാർദ്ധക്യകാല പെൻഷൻ | 8,42,07,900 | 6215 |
| വികലാംഗ പെൻഷൻ | 1,18,04,600 | 801 |
| അവിവാഹിതരായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 26,05,300 | 175 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 4,80,000 | 16 |

തൊഴിൽ രഹിത വേതനം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.01.2022 ന് 3 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37,418/- രൂപ ക്യാഷ്

ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.04.2015 | 2014-15 | 05.01.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.08.19 | 2017-18, 2018-19 | 19.10.2019 |

## 1-10 വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1.1തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 34971230 | 26338805 | 1029187 | 8701143 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 36643430 | 29173210 | 0 | *7465049 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-37) | ( 350410101-Advance Collection-PT -ന്റെ ലെഡ്ജർ) | *(7838302 /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.2.കടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 40820267 | 24784919 | 16498893 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *78083223 | 26221107 | **22363596 |
| | *(2019-20 ലെ ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (23481776/105X100) |

| | | | |
|---|---|---|---|
| | (8198739/105*100) | ഷെഡ്യൂൾ ആർ.പി-37) | |

1.3.ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീ കരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|
| | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 1759605 | 2075811 | 383 5416 | 132 2251 | 124 1971 | 2564 222 | 51710 | - | 438563 | 840 953 | 1279516* |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1832171 | | | 2772682 | | | - | - | 1483299 | | |
| | 431910100-State Govt . Cess/levies...... ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-29(വരവ്)) | | | | (431910101-State Govt . Cess/ Levies...... ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

*"സഞ്ചയ" സോഫ്റ്റ്വെയറിൽ തന്നെ ലൈബ്രറി സെസ്സ് പൊരുത്തപ്പെടുന്നില്ല.

1.4."സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:1.1, 1.2, 1.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

## 1-11 വസ്തു നികുതി ഡിമാന്റ് - സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

01.04.2020ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം അതാത് സെക്ഷനുകളുടെ ചുമതലയുള്ള ഓഫീസർമാർ തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാസം അതാത് സെക്ഷനുകളുടെ ചുമതലയുള്ള ഓഫീസർമാർ തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 ലെ "110010100-Property Tax (General) " എന്ന ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2020-21സാമ്പത്തിക വർഷത്തെ വസ്തു നികുതി ഡിമാന്റ് ഒരു (വർഷാരംഭത്തിൽ 01.04.20 തീയ്യതിയിൽ) തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-12 വരവ് തുകകളുടെ ഡിമാന്റ് രജിസ്റ്റർ -വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി/അതാത് സെക്ഷന്റെ ചുമതലയുള്ള ഓഫീസർമാർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം54(3)(എച്ച്). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.വാടക :- സ്റ്റേഡിയം, കോൺഫ്രൻസ് ഹാൾ, സ്റ്റാഫ് കോർട്ടേഴ്സ്, ഡിമാന്റ് രജിസ്റ്റർ

2. ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ

3.വിനോദ നികുതി ഡിമാന്റ് രജിസ്റ്റർ

## 1-13 മുൻകൂർ ലഭിച്ച തുകകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷികകണക്കുമായി പൊരുത്തപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | വസ്തു നികുതി | 350410101-Advance Collection Of Revenues-Property Tax | 128402 |
| 2 | മറ്റ് വരുമാനം | 350419900-Advance Collection Of Revenues-Other Revenues | 360300 |
| 4 | തൊഴിൽ നികുതി | 350410102- Advance Collection Of Revenues-Profession Tax | 12600 |

## 1-14 Prior Period Item- വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100100-Prior Period Income -Property Tax General | (40684485) |
| 280100600-Prior Period Income -Profession Tax Institution | 936931.52 |
| 280200201-Prior Period Income -Rent From Civic Amenities | (166614) |
| 280200299-Prior Period Income -Other Rents | 389205 |
| 280200399-Prior Period Income -Other User Charges | 44500 |

## 1-15 ജേണൽ എൻട്രികൾക്ക് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. ജേണൽ ബുക്ക് പ്രകാരമുള്ള എൻട്രികൾക്കൊന്നും ആധികാരിക വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല.

## 1-16 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-17 സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 5,27,294/- രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ച് മൂല്യം കണക്കാക്കി, സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഏതിനത്തിന്റെ സ്റ്റോക്ക് ആണെന്ന് വ്യക്തമല്ല.

## 1-18 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമാക്കേണ്ടതാണ്

ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കേണ്ടതാണ്. ഡെപ്പോസിറ്റ് തുകകൾ തിരിച്ചുനല്കുന്നത് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ടോ എന്നും 01.04.20 ലെ മുൻബാക്കി തുകകൾ ആരിൽ നിന്നും, ഏത് തീയ്യതിയിൽ സ്വീകരിച്ചതാണെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-19 മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ശീർഷകങ്ങൾ പ്രകാരമുള്ള മുൻകൂറുകൾ ക്രമീകരിക്കുന്നതിന് നിരീക്ഷിക്കുന്നതിന് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| ശീർഷകം | ബാലൻസ്ഷീറ്റ് പ്രകാരം 31/3/21 ലെ നീക്കിയിരിപ്പ് |
|---|---|
| 460100500- Standing Advance | 15999 |
| 460509909-Advance To Others | 373177 |
| 460600300-Water Deposit | 86000 |
| 460600100-Electricity Deposit | 1366491 |
| 460500203-Advance To Implementing Agencies-Special Fund | 486000 |

## 1-20 ഗ്രാന്റ് ബാധ്യത തുകക്ക് തത്തുല്യമായ ബാങ്ക് അക്കൗണ്ട് നിക്ഷേപങ്ങൾ കാണുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4, ബി-2 എന്നിവ പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ അപൂർണം, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല)

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4, ബി-2 | | |
|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക |
| 1. | 311700100 | Pension Fund For Contingent Staff | 8246427 |
| 2. | 320100100 | Grants And Contribution For Specific Purpose | 26711779 |
| 3. | 320300100 | Other Government Agencies | 8478396 |
| 4. | 320801000 | Beneficiary Contribution | 4558695 |
| 5. | 320500100 | Welfare Bodies | 1333333 |

## 1-21 പ്രത്യേകോദ്ദേശ്യ ഗ്രാന്റ്:-ലഭ്യമായ തുക ചെലവഴിക്കാതെ കിടക്കുന്നു

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ താഴെ പറയുന്ന തുകകൾ മുൻ വർഷങ്ങളിൽ ലഭ്യമായ തുകകളാണ്. ആയത് നാളിതുവരെ ചെലവഴിക്കാതെ കിടക്കുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| Head | Date | Amnt | Ch.no. | Purpose | Bank |
|---|---|---|---|---|---|
| 320200202 | 16.03.2017 | 500000 | 4411/ 16.03.17 | Grant For Construction Of KDLR Methsls ICDP Sub Centre. | ST, KDLR, A/c.no.723031400000002 |
| 320200209 | 05.05.2018 | 1810000 | 883836/ 05.05.2018 | RMSA Fund For Construction Of School Building | Own Fund (അക്കൗണ്ട് നം.ലഭ്യമാക്കേണ്ടതാണ്) |

## 1-22 റീ കൺസിലിയേഷൻ പത്രിക:- ശീർഷകത്തിൽ തെറ്റായി വർഷം രേഖപ്പെടുത്തിയിരിക്കുന്നു

2021 ലെ റീകൺസിലിയേഷൻ പത്രികകളുടെ ശീർഷകത്തിൽ തെറ്റായി വർഷം 2020 എന്ന് രേഖപ്പെടുത്തി കാണുന്നു. ഈ സാങ്കേതിക തകരാർ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ പൊതു അപാകതകൾ

സാംഖ്യ സോഫ്റ്റ് വെയറിൽ കണക്കുകൾ തയ്യാറാക്കുന്നതെങ്കിലും സോഫ്റ്റ്‌വെയർ പ്രകാരമുള്ള വൗച്ചർ നമ്പർ രേഖപ്പെടുത്താതെ ഓരോ മാസത്തേക്കും ഉള്ള നമ്പരുകൾ മാന്വൽ ആയി വൗച്ചറുകളിൽ നമ്പർ ചേർക്കുന്നു. ക്യാഷ്ബുക്ക്, ബാങ്ക് ബുക്കിൽ ഉള്ള പേയ്മെന്റ് വൗച്ചർ നമ്പർ അല്ല വൗച്ചറുകളിന്മേൽ രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല മുനിസിപ്പൽ ഫണ്ടിൽ നിന്നുള്ള എല്ലാ ചെലവുകളുടെ വൗച്ചറുകളും ക്രമമായി സൂക്ഷിക്കണമെന്നിരിക്കെ തനത് ഫണ്ടിന്റെ വൗച്ചറുകൾ മാത്രം ക്രമമായി സൂക്ഷിച്ചിരിക്കുന്നു. വൗച്ചറുകൾ ഏതു ശീർഷകത്തിൽ രേഖപ്പെടുത്തി എന്ന് വ്യക്തമാക്കുന്ന Payment Voucher പ്രിന്റ് എടുത്തു സൂക്ഷിച്ചിട്ടുമില്ല. മാന്വൽ ക്യാഷ് ബുക്ക് സൂക്ഷിക്കുകയും പിന്നീട് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തലുകൾ വരുത്തുകയുമാണ് ചെയ്യു

വരുന്നത്. ഈ അപാകതകൾ പരിഹരിക്കേണ്ടതാണ്.

### 1-24 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസം ഡിമാന്റ് ജേണൽ എൻട്രി ചേർക്കുന്നില്ല

അക്രൂവൽ ആയി രേഖപ്പെടുത്തിയ താഴെ ചേർത്തിരിക്കുന്ന തുകകൾക്ക് (മുൻകൂർ ക്രമീകരിച്ചത്) വൗച്ചർ/രേഖകൾ ഹാജരാക്കിയിട്ടില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|
| Rent From Shopping Complex | 4625419 | 4385246 | 24824+52442=77266 | - | 162907 |

### 1-25 Capital Work In Progress-വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

31/3/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B11 പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 2,14,64,290/- രൂപയാണ്. (419733+19807074+1237483) ആയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

### 1-26 കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം കളക്ഷൻ |
|---|---|---|---|
| Public Sanitation Charge | 220000 | 0 | 73400 |
| Busstand Fees | 1415150 | 0 | 0 |
| Rent From Lease Of Land | 134000 | 0 | 63338 |

### 1-27 തുക ചെലവഴിക്കാതെ സൂക്ഷിക്കുന്നു

താഴെ കൊടുത്തിട്ടുള്ള അക്കൗണ്ടുകളിൽ തുക വിനിയോഗിക്കാതെ കിടക്കുന്നു. ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കുവാൻ താൽപര്യപ്പെടുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നം. | ബാലൻസ് തുക (31.03.2021) | തുക വന്ന ഇനം |
|---|---|---|---|
| ഇന്ത്യൻ ബാങ്ക് | 881329167 | 3314397 | IHSDP |
| വിജയ ബാങ്ക് | 62790100003662 | 5917034 | ശുചിത്വമിഷൻ |

ഓഡിറ്റ് എൻക്വയറി-നം. 49 /29.01.2022

### 1-28 സർക്കാരിൽ നിന്നും ലോൺ ഇനത്തിൽ ലഭിച്ച തുക തിരിച്ചടവാക്കിയിട്ടില്ല

2019-20, 2020-21 സാമ്പത്തിക വർഷത്തെ വാർഷികകണക്ക് ബാലൻസ് ഷീറ്റ് പ്രകാരം സർക്കാർ ലോണിലേക്ക് തിരിച്ചടക്കാനായി 22,18,930/-രൂപ കാണുന്നു. ലോൺ രജിസ്റ്റർ പരിശോധിച്ചതിൽ 1993 മുതൽ 2000 വരെ വർഷങ്ങളിൽ ലഭിച്ച ലോൺ സംഖ്യയിലേക്ക് വർഷങ്ങളായി തിരിച്ചടവ് നടത്തുന്നില്ല.

| ഓർഡർ നമ്പർ | ലോൺ തീയതി | തുക അടവാക്കാനുളളത്(31.3.19വരെ |
|---|---|---|
| 1431/96/LAD | 22.3.93 | 39346 |

| | | |
|---|---|---|
| A1/15094/93 | 6.8.93 | 10512 |
| C318616/97(A) | 5.3.98 | 23782 |
| A1/8326/99 | 31.3.00 | 2000000 |
| A1/8326/99 | 26.3.01 | 145200 |
| | ആകെ | 2218840 |

ലോൺ സംഖ്യ തിരിച്ചടക്കുന്നതിനോ ഒഴിവാക്കുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-നം. 47 /29.01.2022

## 1-29 രശീതിന്റെ സ്റ്റോക്ക് പരിശോധനയിൽ കണ്ട അപാകതകൾ

സാംഖ്യ രശീത് ഇഷ്യൂ രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല. ബാലൻസ് സ്റ്റോക്കിന്റെ എണ്ണം, രശീത് ബുക്ക് ഇഷ്യൂ ചെയ്യുന്ന തിയതി മുതലായവ രേഖപ്പെടുത്തുന്നില്ല. സാംഖ്യ രശീതുകൾ ഇഷ്യൂ ചെയ്യുന്നത് ക്രമപ്രകാരമല്ല. സാംഖ്യ രശീത് സ്റ്റോക്ക് പരിശോധിച്ചപ്പോൾ താഴെ പറയുന്ന രശീതു ബുക്കുകൾ സ്റ്റോക്കിൽ കണ്ടു.

1. രശീത് നമ്പർ 54001 – 56000

2. രശീത് നമ്പർ 78648 – 1,00,000

മേൽപ്പറഞ്ഞവ കൂടാതെ സാംഖ്യ രശീതിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ 1,00,000 –1,02,000 വരെയുള്ള ഒരു ബണ്ടിൽ വരവ് വെച്ചിട്ടുണ്ട്. എന്നാൽ ഫിസിക്കൽ പരിശോധനയിൽ ഈ ബണ്ടിൽ കാണാൻ സാധിച്ചില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ 70/01.02.2022 പ്രകാരം വിശദീകരണം ചോദിച്ചതിനു മറുപടിയായി സാംഖ്യ രശീത് ഇഷ്യൂ ചെയ്യുന്നതിൽ മുമ്പ് സംഭവിച്ച അപാകത മൂലം ബാലൻസ് വന്നിട്ടുള്ള രശീത് ബണ്ടിലുകളാണ് ഫിസിക്കൽ പരിശോധനയിൽ കണ്ടെത്തിയതെന്ന് മറുപടി നൽകുകയുണ്ടായി. മാത്രമല്ല സാംഖ്യ രശീതിന്റെ സ്റ്റോക്ക് രജിസ്റ്റർ 1,00,001 മുതൽ 1,02,000 വരെയുള്ള ഒരു ബണ്ടിൽ സാംഖ്യ രശീത് തെറ്റായി വരവ് വെച്ചിട്ടുള്ളതാണെന്നും മറുപടി നൽകുകയുണ്ടായി. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 വാടകയ്ക്ക് നൽകിയ 133 മുറികളിൽ ഡി ആൻഡ് ഒ ലൈസൻസ് എടുത്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

നഗരസഭ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളിലായി 133 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാടക രജിസ്റ്ററിൽ ഈ കെട്ടിടങ്ങൾക്ക്/മുറികൾക്ക് കെട്ടിട നമ്പർ രേഖപ്പെടുത്താതെയാണ് എഴുതി സൂക്ഷിക്കുന്നത്. ആയതിനാൽ വാടകക്ക് നൽകിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങൾ നഗരസഭയുടെ 2020-21 വർഷത്തെ ഡി ആൻഡ് ഒ ലൈസൻസ് എടുത്താണോ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ:54/ തീ.31.1.22) വിവരങ്ങൾ നൽകുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-31 നാഷണൽ ഹൈവേക്ക സമീപം അനധികൃത കെട്ടിട നിർമ്മാണങ്ങൾ - തുടർ നടപടി സ്വീകരിക്കേണ്ടതാണ്

ഫയൽ നം. PW2-18391/20

കൊടുങ്ങല്ലൂർ നഗരസഭ 40-ാം വാർഡിൽ പടാകുളം സിഗ്നലിനു സമീപം താൽക്കാലിക ഷെഡുകൾ നിർമ്മിച്ച് മത്സ്യ-മാംസ വില്പന നടത്തുന്നതായി ഓവർസിയർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ലീസിന് എടുത്ത ശ്രീ.സുഭാഷ് വള്ളോംപറമ്പിൽ എന്ന വ്യക്തിക്ക് 09.10.2020തീയതിയിൽ നോട്ടീസ് നല്കിയിട്ടുണ്ട്. ടി സ്ഥലം (സർവ്വേ നം. 127/2 -13.887 Cents) ഫാസ്റ്റ് ഫുഡ് ബിസിനസ്സ് നടത്തുന്നതിന് ശ്രീ.നിസാർ, കാട്ടകത്ത് എന്ന വ്യക്തി ശ്രീ. സുഭാഷ് വള്ളോംപറമ്പിൽ എന്ന വ്യക്തിക്ക് ലീസിന് കൊടുത്തിട്ടുള്ളതാണെന്നും ടി സ്ഥലത്ത് ടീ, കോഫി, ചിക്കൻ, ഫിഷ് ബിസിനസ്സ്, വെജിറ്റബിൾ ഷോപ്പ് എന്നിവ നഗരസഭയുടെയും ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിന്റെയും അനുമതി കൂടാതെ പ്രവർത്തിക്കുന്നവയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ലോക്ക് ഡൗണിനു ശേഷം ഇവ തുറന്ന് പ്രവർത്തിച്ചിട്ടില്ലായെന്ന് 20.07.21 തീയതിയിൽ ഫയൽ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തിന്റെ വിവരം താഴെ ചേർക്കുന്നു.

| സ്ഥാപനം | തറവിസ്തീർണ്ണം |
|---|---|
| Aron Fruits & Vegetables | 207 $M^2$ |
| Smart Helmet & Footwear | 117 $M^2$ |
| Cafe D -47 + Chicken Centre | 147 $M^2$ |
| Other Building | 20 $M^2$ |
| ആകെ | 491 $M^2$ |

ടി അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുമാറ്റാൻ 31.12.21 തീയതിയിൽ നോട്ടീസ് നല്കിയിട്ടുണ്ട്. ഓഡിറ്റ് ടീം 31.01.2022

തീയതിയിൽ നടത്തിയ പരിശോധനയിൽ Cafe D-47 എന്ന സ്ഥാപനം ഒഴികെ മറ്റ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് കണ്ടത്.

ഓഡിറ്റ് എൻക്വയറി നൽകിയതിൽ (ഓഡിറ്റ് എൻക്വയറി നം. 30/ 27.01.2022) 31.12.21 ന് താല്കാലിക ഉത്തരവ് നൽകിയെങ്കിലും കക്ഷി കെട്ടിടനിർമ്മാണം പൊളിച്ച് കളയുകയോ ആയതിന്റെ കാരണം അറിയിച്ചുകൊണ്ട് അപേക്ഷ നൽകുകയോ ചെയ്തിട്ടില്ലാത്തതാണെന്നും മേൽ സാഹചര്യത്തിൽ കക്ഷിയെ നേരിൽ കേട്ടതിനു ശേഷം താൽക്കാലിക ഉത്തരവ് സ്ഥിരപ്പെടുത്തിക്കൊണ്ട് അനധികൃതനിർമ്മാണം പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ അനധികൃതനിർമ്മാണം സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്. കൂടാതെ കെട്ടിടം ഉപയോഗപ്പെടുത്തിയ തീയതി മുതൽ അനധികൃത കെട്ടിട നിർമ്മാണം പൊളിച്ചുകളയുന്നതു വരെ ടി കെട്ടിടത്തിന് നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് ചുമത്തേണ്ട 3 ഇരട്ടി വസ്തുനികുതി ചുമത്തേണ്ടതുമാണ്.

## 1-32 അനധികൃത കെട്ടിട നിർമ്മാണം - യു.എ. അസസ്മെന്റ് നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഫയൽ നം. PW2-82100/21

കൊടുങ്ങല്ലൂർ നഗരസഭ 41-ാം വാർഡിൽ സർവ്വേ നം. 446/1 ൽ ഉൾപ്പെട്ട 6.02 ആർ സ്ഥലത്ത് നഗരസഭയിൽ കെട്ടിടനം. അനുവദിച്ച (XLI/679 A,B- Total Plinth Area- 992.89 $M^2$) ഭീമ ജ്വല്ലറി കെട്ടിടത്തിന്റെ മുൻഭാഗത്ത് ട്രസ്സ് വർക്കും സെക്യൂരിറ്റി റൂം നിർമ്മാണവും ഫസ്റ്റ് ഫ്ലോറിന് മുകളിൽ ട്രസ്സ് വർക്കു നടത്തി മുറികളാക്കി തിരിക്കുകയും (ആകെ അനധികൃത നിർമ്മാണം- 250.66$m^{2)}$ ചെയ്തതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിട നിർമ്മാണം പൊളിച്ച് നൽകാൻ 15.07.21 ന് താൽക്കാലിക ഉത്തരവും 28.09.21 ന് സ്ഥിരീകരണ ഉത്തരവും നല്കിയിട്ടുണ്ട്. ആയത് ലഭിച്ചതിനെ തുടർന്ന് കക്ഷി ബഹു. ട്രിബ്യൂണലിൽ കേസ് ഫയൽ ചെയ്തു.

ടി കെട്ടിടത്തെ സംബന്ധിച്ച വിവരം UA രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയത് ചേർക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 31/27.01.2022)

UA അസസ്മെന്റ് നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ വിഭാഗത്തിന് അറിയിപ്പ് നൽകുന്നതാണെന്നും യു.എ. രജിസ്റ്ററിൽ ചേർക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി കെട്ടിടത്തെ സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികൾ (UA അസസ്മെന്റ് സഹിതം) അറിയിക്കേണ്ടതാണ്.

## 1-33 അനധികൃത കെട്ടിടം- ലോഡ്ജിംഗ് ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിന് താമസ ആവശ്യത്തിനെന്ന പോലെ നികുതി ഈടാക്കുന്നു

ഫയൽ നം. PW2-5088/16

കൊടുങ്ങല്ലൂർ നഗരസഭ ലോകമലേശ്വരം വില്ലേജിൽ സർവ്വേ നം. 651/1 ൽ ഉൾപ്പെട്ട 161.60 ച.മീ. സ്ഥലത്ത് ശ്രീ.ഷൈൻ കൊട്ടേക്കാടിന്റ ഉടമസ്ഥതയിലുള്ള "Style Homes Holiday Inn" എന്ന റെസിഡൻഷ്യൽ അപ്പാർട്ട്മെന്റ് സ്ഥാപനത്തിന് (Ground Floor + First Floor + Second Floor + Stair Room =229 ച.മീ. കെട്ടിടം) 01.10.2012 ൽ ഒക്യുപൻസി നൽകിയിട്ടുള്ളതുമാണ്. [പഴയ കെട്ടിട നം. 8/223(1) To 8/223(9)/ പുതിയ കെട്ടിടനം 4/219 To 224,224 A,B,C].

ചീഫ് ടൗൺ പ്ലാനറുടെ (വിജിലൻസ്) CTPViG/706/17 തീയതി 07.11.2017 നം. റിപ്പോർട്ട് പ്രകാരം താഴെ പറയുന്ന അപാകതകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1) ടി കെട്ടിടത്തിന്റെ ടെറസ് ഫ്ലോർ ചട്ടലംഘനം നടത്തി ഒരു ഫ്ലോർ ആയി ഉപയോഗിച്ച് വരുന്നു.

2) ഗ്രൗണ്ട് ഫ്ളോറിൽ പിൻവശം ഒഴികെ എല്ലാ വശങ്ങളിലും 50 Cm പ്രൊജക്ഷൻ, അതിരിനോട് ചേർന്ന് തുറസ്സായ സ്ഥലത്ത് ഷീറ്റ് മേൽക്കൂരയിട്ട് മറച്ചു.

3) മുൻവശത്തെ തുറസ്സായ സ്ഥലത്ത് സ്റ്റീൽ സ്ട്രക്ച്ചർ കൊണ്ട് മുറി എടുത്ത് വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നു.

ആകെ 100.32 ച.മീ. അനധികൃത നിർമ്മാണത്തിന് സ്പെഷ്യൽ റെസിഡൻഷ്യൽ വിഭാഗത്തിൽ ഉൾപ്പെടുത്തി UA ടാക്സ് ചുമത്തിയിട്ടുണ്ട്.

ടി കെട്ടിടത്തിന്റെ അനധികൃത നിർമ്മാണം സംബന്ധിച്ച് 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക 2-13) പരാമർശിച്ചിട്ടുള്ളതാണ്.

RB -2/ 414/ 2018 ത.സ്വ.ഭ.വ. തീയതി 14.12.20 കത്ത് പ്രകാരം ടി കെട്ടിടത്തിലെ അനധികൃത നിർമ്മാണത്തിനെതിരെ 19.12.17 ലെ RB-2/395/17 നം. കത്ത് ലഭിച്ചിട്ട് 2 വർഷം നോട്ടീസ് നല്കിക്കൊണ്ടിരിക്കുന്നതല്ലാതെ കാര്യമായ യാതൊരു നടപടിയും നഗരസഭയുടെ ഭാഗത്തുനിന്നും കൈക്കൊണ്ടിട്ടില്ലായെന്നും പൊതുജലസ്രോതസ്സിന്റെ (ദളവാകുളം) 1.90 മീറ്റർ വീതിയിൽ പ്രസ്തുത പ്ലോട്ടിൽ കയ്യേറ്റം നടത്തിയിട്ടുണ്ടോയെന്ന് സംബന്ധിച്ച് താലൂക്ക് സർവ്വെയറിൽ നിന്നും റിപ്പോർട്ട് അടിയന്തിരമായി സർക്കാരിലേക്ക് ലഭ്യമാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. താലൂക്ക് സർവ്വേയർക്ക് 29.12.20 ന് കത്ത് നല്കിയെങ്കിലും (ഓർമ്മക്കുറിപ്പ്-

12/03/21) നാളിതു വരെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. 13.01.21, 23.01.21 തീയതികളിൽ ടി കെട്ടിടം പൊളിച്ചുമാറ്റാൻ നിർദ്ദേശിച്ചിരുന്നു. ടിയാൻ ബഹു. ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം. 32/27.01.2022). ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി താലൂക്ക് സർവ്വെയറിൽ നിന്നും നാളിതു വരെ റിപ്പോർട്ട് ലഭിച്ചിട്ടില്ലായെന്നാണ് അറിയിച്ചത്.

ആയതിന്റെ തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് ടീം പരിശോധന നടത്തിയപ്പോൾ ടി കെട്ടിടം ലോഡ്ജിംഗ് ആവശ്യത്തിനുപയോഗിക്കുന്നവയാണെന്നും റെസിഡൻഷ്യൽ അപ്പാർട്ട്മെന്റ് അല്ലായെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കെട്ടിടനം. 4/224 ,224 A, 224 B, 224 C (പഴയ കെട്ടിട നം. 8/223(6) To 8/223(9) കെട്ടിടത്തിന് ലോഡ്ജിംഗ് വ്യാപാരത്തിനാണ് നഗരസഭയിൽ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. 8/223(1) മുതൽ 8/223(5) വരെ കെട്ടിടങ്ങൾക്ക് ലൈസൻസ് എടുത്തിട്ടില്ല.)

<u>ലോഡ്ജിംഗ് ആവശ്യത്തിനു പകരം അപ്പാർട്ട്മെന്റ് ആയി കണക്കാക്കി നികുതി ഈടാക്കുന്നതുമൂലം നഗരസഭയ്ക്കുള്ള നഷ്ടം</u>

| കെട്ടിട നം. | ഉപയോഗം | തറവിസ്തീർണം(ച.മീ.) | ഈടാക്കിയ നിരക്ക് | ഈടാക്കുന്ന വസ്തുനികുതി | ഈടാക്കേണ്ട നിരക്ക് | ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|---|---|---|---|
| 4/219 | ലോഡ്ജ് | 30 | 12 | 1806 (Limited To Old Tax)+ 5% L.C. | 50 | 30*50= 1500 + 20 % വർദ്ധനവ്(വഴി സൗകര്യം)+ + 5% L.C. |
| 4/220 | ഓഫീസ് | 11.82 | 60 | 710+ 5% L.C. | 60 | 11.82*60=710+ 20 % വർദ്ധനവ്(വഴി സൗകര്യം)+ 5% L.C. |
| 4/221 | ലോഡ്ജ് | 30 | 12 | 1806 (Limited To Old Tax)+ 5% L.C. | 50 | 30*50= 1500 + 20 % വർദ്ധനവ്(വഴി സൗകര്യം)+ + 5% L.C. |
| 4/222 | ലോഡ്ജ് | 36 | 12 | 1500 (Limited To Old Tax)+ 5% L.C. | 50 | 36*50= 1800 + 20 % വർദ്ധനവ്(വഴി സൗകര്യം) + 5% L.C. |
| 4/223 | ലോഡ്ജ് | 72 | 12 | 1500 (Limited To Old Tax)+ 5% L.C. | 50 | 72*50= 3600 + 20 % വർദ്ധനവ്(വഴി സൗകര്യം) + 5% L.C. |
| 4/224 | ലോഡ്ജ് | 43.12 | 12 | 1358 (Limited To Old Tax)+ 5% L.C. | 50 | 43.12*50= 2156 + 20 % വർദ്ധനവ്(വഴി സൗകര്യം) + 5% L.C. |
| 4/224 A | ലോഡ്ജ് | 43.12 | 12 | 1358 (Limited To Old Tax)+ 5% L.C. | 50 | 43.12*50= 2156 + 20 % വർദ്ധനവ്(വഴി സൗകര്യം) + 5% L.C. |
| 4/224 B | ലോഡ്ജ് | 21.56 | 12 | 1358 (Limited To Old Tax)+ 5% L.C. | 50 | 21.56*50= 1078 + 20 % വർദ്ധനവ്(വഴി സൗകര്യം) + 5% L.C. |
| 4/224 C | ലോഡ്ജ് | 21.56 | 12 | 1358 (Limited To Old Tax)+ 5% L.C. | 50 | 21.56*50= 1078 + 20 % വർദ്ധനവ്(വഴി സൗകര്യം) + 5% L.C. |

നികുതി നിർണ്ണയം സംബന്ധിച്ച അപാകതകൾ പരിഹരിക്കേണ്ടതും അനധികൃത നിർമാണം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-34 കല്യാണ ദായിനി സഭയുടെ അനധികൃത കെട്ടിടം ക്രമവൽക്കരണം - പാർക്കിംഗ് കോംപൗണ്ടിംഗ് ഫീസ് 5,00,000/- രൂപ കുറവായി കണക്കാക്കിയത് പുതുക്കിയതിന് ശേഷവും ന്യൂനതകൾ പരിഹരിച്ചതിന് ശേഷവും ക്രമവൽക്കരണ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഫയൽ നം. BA -UA1-6/19-20

ലോകമലേശ്വരം വില്ലേജ് സർവ്വേ നം. 482/5 (607.05 ച.മീ.) സ്ഥലത്ത് BF+GF+ 4 Floor വാണിജ്യ കെട്ടിടം (ആകെ പ്ലിന്ത് വിസ്തീർണം- 1575.44 ച.മീ.) ക്രമവൽക്കരിക്കുന്നതിന് കല്യാണ ദായിനി സഭ 02.11.2019 ൽ അപേക്ഷ നൽകിയിട്ടുണ്ട്.

കെട്ടിടത്തിന്റെ ആകെ വിസ്തീർണം

| നില | പ്ലിന്ത് വിസ്തീർണം | തറ വിസ്തീർണം | കാർപ്പെറ്റ് വിസ്തീർണം |
|---|---|---|---|
| ബേസ്മെന്റ് ഫ്ലോർ | 350.89 $M^2$ | 9.84 $M^2$ | - |
| ഗ്രൗണ്ട് ഫ്ലോർ | 239.93 $M^2$ | 234.73 $M^2$ | 181.19 $M^2$ |
| ഫസ്റ്റ് ഫ്ലോർ | 239.93 $M^2$ | 234.73 $M^2$ | 181.82 $M^2$ |
| സെക്കന്റ് ഫ്ലോർ | 239.93 $M^2$ | 234.73 $M^2$ | 181.82 $M^2$ |
| തേഡ് ഫ്ലോർ | 239.93 $M^2$ | 234.73 $M^2$ | 181.82 $M^2$ |
| ഫോർത്ത് ഫ്ലോർ | 239.93 $M^2$ | 234.73 $M^2$ | 181.82 $M^2$ |
| ടെറസ് ഫ്ലോർ | 24.90 $M^2$ | 24.90 $M^2$ | - |
| ആകെ | 1575.44 $M^2$ | 1208.39 $M^2$ | 940.47 $M^2$ |

21.12.21 ലെ നോട്ട് ഫയൽ പ്രകാരം ടി കെട്ടിടത്തിന്റെ വസ്തുനികുതി റിപ്പോർട്ട് ചെയ്തതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| നില | വിസ്തീർണം | കെട്ടിട നം. | കെട്ടിട നികുതി |
|---|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | 239.93 $M^2$ | 14/ 363 A,B | 6010/- + 6010/- |
| ഫസ്റ്റ് ഫ്ലോർ | 239.93 $M^2$ | 14/ 363 C,D | 6010/- + 6010/- |
| സെക്കന്റ് ഫ്ലോർ | 239.93 $M^2$ | 14/ 363 E,F | 5500/- + 5500/- |

ടി കെട്ടിടത്തിന് BA-242/0607 Dt 11.10.2006 നം. പെർമിറ്റ് പ്രകാരം Basement Floor – 350.34 $M^2$, Ground Floor- 293.93 $M^2$, First Floor – 239.93 $M^2$, Terrace – 57.25 $M^2$ അനുവദിച്ചിട്ടുണ്ട്. 08.11.2009 ൽ ഭാഗികമായി പൂർത്തീകരിച്ച 1070.33 $M^2$കെട്ടിടത്തിന് രണ്ടാം നില വരെ BA-242/06-07 നമ്പറായി 25.04.2011 തീയതിയിൽ ഒക്യുപൻസി അനുവദിച്ചിട്ടുണ്ട്.

31.08.2010 ൽ ഫയർ & റെസ്ക്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും ടി കെട്ടിടത്തിന് ( BF + GF + 4 Floor- 6 നില കെട്ടിടത്തിന്) ഫൈനൽ എൻ.ഒ.സി. നല്കിയതിന്റെ പകർപ്പ് ഫയലിലുണ്ട്. ഉടമസ്ഥന്റെ പരാതിയുടെ അടിസ്ഥാനത്തിൽ 13.04.2012 ലെ 66688/RB2/11/lsgd നം. കത്ത് പ്രകാരം ടി കെട്ടിടത്തിന്റെ 4,5 നിലകൾക്ക് കെട്ടിട നം. അനുവദിച്ച് നൽകുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. 4-ാം നില ഉയരക്കുറവുള്ളതിനാലും (2.85m ഉയരം) , പാർക്കിംഗിന്റെ എണ്ണത്തിൽ 3 എണ്ണം കുറവായതിനാലും(Required – 13 No., Provided - -10 No.) അനധികൃതമായി നിർമ്മിച്ച താഴെ പറയുന്ന കെട്ടിടഭാഗങ്ങൾ ക്രമവത്കരിക്കാൻ 23.12.19 ൽ ചീഫ് ടൗൺപ്ലാനർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ കോമ്പൗണ്ടിംഗ് ഫീസ് കണക്കാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

Permit Fee- 10/ച.മീ.

Plinth Area- 1575.44 ച.മീ

Basic Compound Fee- 10 X 1575.44 X 10 = 157544/-

Fair Value/$m^2$- 816750/100=8168

1/40 Th Of Fair Value- 1/40 X 8168 X 1575.44=321705/-

No.of Parking Required – 13 No. (Provided -10 No.)

Number Of Deficient Parking – 3 No.s

Compounding Fee – 3 X 250000= 7,50,000/-

Total Compounding Fee = 157544+ 321705+7,50,000

= 12,29,249/-.

04.02.2020 ലെ ജില്ലാ ടൗൺ പ്ലാനറുടെ കത്തിൽ ചുവടെ ചേർക്കുന്ന പ്രകാരമുള്ള ന്യൂനതകൾ ചൂണ്ടി കാണിച്ചിട്ടുണ്ട്.

1) ചെക്ക് ലിസ്റ്റ് അപൂർണ്ണം

2) അംഗീകൃതവും ക്രമവൽക്കരിക്കേണ്ടതുമായ നിലകളുടെ വിസ്തീർണം വേർതിരിച്ച് കാണിച്ചിട്ടില്ല.

3) മുനിസിപ്പാലിറ്റി ആക്ട് 383(A) പാലിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തിയിട്ടില്ല.

4) ചട്ടം 6(4) (Ix) Appendix II – സുരക്ഷാ സംവിധാനം 26(A), വേസ്റ്റ് ഡിസ്പോസൽ , 40(A) വികലാംഗർക്കുള്ള പാർക്കിംഗ്, റാംപ്,109(A) ഗ്രൗണ്ട് വാട്ടർ റിചാർജിംഗ് ,109(B) -മഴ വെള്ള സംഭരണി, 117(1) ഉയർന്ന കെട്ടിടങ്ങൾക്ക് മുൻ വശത്ത് ആവശ്യമായ തുറന്ന സ്ഥലം എന്നിവ നൽകിയിട്ടില്ല.

ന്യൂനതകൾ പരിഹരിക്കുന്നതിനായി 28.02.20 ൽ അറിയിപ്പ് നല്കിയതിനെ തുടർന്ന് 22.7.21 ൽ പുതുക്കിയ പ്ലാൻ സമർപ്പിച്ചു. ആയതിൽ പാർക്കിംഗിന്റെ എണ്ണം 8 എന്നാണ് കാണിച്ചിട്ടുള്ളത്. ടി പ്ലാൻ പരിശോധിച്ചതിൽ ആവശ്യമായ 2 Wheeler പാർക്കിംഗ്, കാർ പാർക്കിംഗ്, തെരുവിനോട് ചേർന്ന് ഏതെങ്കിലും 2 വശം 5 മീറ്റർ തുറസ്സായ സ്ഥലം എന്നിവ ലഭ്യമല്ല എന്നീ ന്യൂനതകൾ വീണ്ടും അറിയിച്ചിട്ടുണ്ട്.

എന്നാൽ ഫയലിൽ പാർക്കിംഗിന്റെ എണ്ണം 5 എണ്ണം കുറവായതിന്റെ അടിസ്ഥാനത്തിൽ കോമ്പൗണ്ടിംഗ് ഫീസ് പുതുക്കി കണക്കാക്കി സമർപ്പിച്ചിട്ടില്ല.

പാർക്കിംഗ് കോംപൗണ്ടിംഗ് ഫീസ് കുറവായി കണക്കാക്കിയത്

Number Of Deficient Parking – 5 No.s

Deficient Parking - Compounding Fee – 5 X 250000= 12,50,000/-

വ്യത്യാസം - 12,50,000- 7,50,000 = 5,00,000/-

(Fair Value വ്യത്യാസപ്പെട്ടുമെന്നതിനാൽ ആകെ കോംപൗണ്ടിംഗ് ഫീസ് കണക്കാക്കിയിട്ടില്ല.)

കെട്ടിടത്തിന്റെ 3,4 നിലകൾക്ക് അനധികൃത കെട്ടിട നികുതി ചുമത്തിയതിന്റെ വിശദാംശങ്ങൾ കൂടി ലഭ്യമാക്കാനും, അനധികൃത നിർമ്മാണത്തിന് UA ടാക്സ് ഈടാക്കിയതിന്റെ വിശദാംശങ്ങളും ഹാജരാക്കേണ്ടതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയിരുന്നു. കെട്ടിടത്തിന്റെ ബേസ്മെന്റ് ഫ്ലോർ എന്താവശ്യത്തിനാണ് ഉപയോഗപ്പെടുത്തുന്നതെന്ന് ഫയലിൽ സൂചിപ്പിച്ചിട്ടില്ല. ബേസ്മെന്റ് ഫ്ലോർ ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിൽ ആയതിന് കൂടി കെട്ടിട നികുതി ചുമത്തേണ്ടതാണ്. കൂടാതെ കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനമുണ്ടോയെന്നും പരിശോധിച്ച് ആയതിനനുസരിച്ച് നികുതി ചുമത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി (നം. 33/27.01.2022) നൽകിയതിൽ കക്ഷി ന്യൂനതകൾ പരിഹരിച്ച് പ്ലാൻ സമർപ്പിച്ചിട്ടില്ലായെന്നും അതിനു ശേഷം മാത്രമേ കോമ്പൗണ്ടിംഗ് ഫീസ് കൂടി പുതുക്കി കണക്കാക്കാൻ സാധിക്കൂ എന്നാണ് അറിയിച്ചത്. കെട്ടിടത്തിന്റെ 3,4, ടെറസ് ഫ്ലോറുകളിലെ അനധികൃത നിർമ്മാണങ്ങൾക്ക് യു.എ. നടപടികൾ സ്വീകരിക്കാൻ 13/07/2012 ൽ നഗരസഭാസെക്രട്ടറി ഉത്തരവ് നൽകിയെങ്കിലും അന്നത്തെ ഉദ്യോഗസ്ഥർക്ക് പിഴവ് സംഭവിച്ചതിനാൽ കുറിപ്പ് നൽകിയിരുന്നില്ല എന്നും അനധികൃത കെട്ടിട നികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് അറിയിച്ചത്.

കെട്ടിടത്തിന്റെ മേൽ പറഞ്ഞ ന്യൂനതകൾ പരിഹരിച്ചതിന് ശേഷം മാത്രം ക്രമവൽക്കരണ നടപടികൾ സ്വീകരിക്കേണ്ടതാണ്. മറ്റ് ന്യൂനതകൾ പരിഹരിക്കുന്ന മുറയ്ക്ക് കാർ പാർക്കിംഗിന്റെ കുറവിന്റെ അടിസ്ഥാനത്തിലുള്ള കോമ്പൗണ്ടിംഗ് ഫീസ് കൂടി പുതുക്കി കണക്കാക്കി ഈടാക്കേണ്ടതാണ്.

അനധികൃതമായി നിർമ്മിച്ച കെട്ടിടഭാഗത്തിന് യു.എ., ടാക്സ് നിർമ്മാണം പൂർത്തീകരിച്ച തീയതി മുതൽ ഈടാക്കേണ്ടതാണ്. കെട്ടിടത്തിന്റെ ബേസ്മെന്റ് ഫ്ലോർ എന്താവശ്യത്തിനാണ് ഉപയോഗപ്പെടുത്തുന്നതെന്ന് ഫയലിൽ സൂചിപ്പിച്ചിട്ടില്ല. ബേസ്മെന്റ് ഫ്ലോർ പൊതുവായ ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിൽ ആയതിന് കൂടി കെട്ടിട നികുതി ചുമത്തേണ്ടതാണ്. കൂടാതെ കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനമുണ്ടോയെന്നും പരിശോധിച്ച് ആയതിനനുസരിച്ച് നികുതി

ച്ചമത്തേണ്ടതാണ്.

ഫയൽ പരിശോധിച്ചതിൽ, കെട്ടിടം 2010 ന് മുമ്പ് തന്നെ പണി പൂർത്തീകരിച്ചു എന്നു കാണുന്നു. അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ പരിശോധന കർശനമാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു.

(ഓഡിറ്റ് എൻക്വയറി നം. 33/27.01.2022)

## 1-35 ബിൽഡിംഗ് പെർമിറ്റ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്

2016-17 വർഷത്തെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് ബിൽഡിംഗ് പെർമിറ്റ് നല്കിയിട്ടുള്ളതാണ്. എന്നാൽ പെർമിറ്റ് കാലാവധിക്കു ശേഷവും കെട്ടിടങ്ങൾക്ക് പെർമിറ്റ് പുതുക്കി നൽകിയതായും, രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകളില്ല.

ലോകമലേശ്വരം വില്ലേജ്

| ഫയൽ നം. | ഉടമ | കെടിടത്തിന്റെ തരം | വാർഡ് | തറവിസ്തീർണം (ച.മീ.ൽ) | പെർമിറ്റ് കാലാവധി (ഏത് കാലയളവ് വരെ) | കുറിപ്പുകൾ |
|---|---|---|---|---|---|---|
| Pw2/8345/16 | കല്യാണി മുരിങ്ങത്തറ | വാസഗൃഹം | XV | 82.36 | 20.04.2019 | |
| 8338/16 | മോഹനൻ കൊട്ടേക്കാട്ട് പറമ്പിൽ | വാസഗൃഹം | XI | 100.08 | 12.04.2019 | |
| 9373/16 | സിയാദ്, നിഷാദ്, നൗസിയ കറുകപ്പാടത്ത് പുത്തൻ വീട്ടിൽ | വാണിജ്യം വാസഗൃഹം | X | 548.04 | 8/1/20 | 349.46 ച.മീ.ന് ഭാഗിക ഒക്യുപൻസി നല്കിയിട്ടുണ്ട് (തീയതി 3/3/18) |
| 10050/16 | സേവ്യർ, കണിച്ചുകുന്നത്ത് | വാസഗൃഹം (Extension) | III | Existing- 71.89 Proposed-44.73 | 3/6/19 | കൂട്ടിച്ചേർക്കുന്നതിനുള്ള പെർമിറ്റ് |
| 10234/16 | വിജയൻ ചെറുവിള്ളിൽ | വാസഗൃഹം | II | 146.25 | 9/1/20 | |
| 10226/16 | രാമായി, ഡെയ്സിൻ, രഞ്ജിത്ത്, ദീപു ഓലിപറമ്പിൽ | വാസഗൃഹം | XV | Total -100.45 Proposed-71.49 | 7/7/19 | |
| 10995/16 | പ്രശാന്ത്, രാജി പ്രശാന്ത് | വാസഗൃഹം | 43 | 287.01 | 21/6/19 | |
| 11388/16 | തങ്കമണി, മണിലാൽ, വൽസല പാറക്കൽ | വാസഗൃഹം | VIII | Total -65.97 Proposed-36.28 | 10/7/19 | കൂട്ടിച്ചേർക്കുന്നതിനുള്ള പെർമിറ്റ് |
| 11569/16 | നീന തായ്പറമ്പിൽ | വാസഗൃഹം | X | Total -74.20 Proposed-45.49 | 10/7/19 | കൂട്ടിച്ചേർക്കുന്നതിനുള്ള പെർമിറ്റ് |
| 11857/16 | ജിബിൻ കെ.എസ്, റീതു.കെ.ടി. കൈമപറമ്പിൽ | വാസഗൃഹം | X | 138.23 | 7/7/19 | |
| 11859/16 | ഉണ്ണികൃഷ്ണൻ ഒലിപറമ്പിൽ | വാസഗൃഹം | XVI | 110.16 | 30/8/19 | |
| 12196/16 | ഹരിലാൽ ചുള്ളിപറമ്പിൽ | വാസഗൃഹം | VII | 92.47 | 24/07/19 | |
| 12369/16 | സതീശൻ പി.എസ്, | വാസഗൃഹം | - | 142.59 | 25/8/19 | |

| | | | | | | |
|---|---|---|---|---|---|---|
| | പാറാട്ടുപറമ്പിൽ | | | | | |
| 12645/16 | പ്രിയ മുല്ലശ്ശേരി | വാസഗൃഹം | III | 61.31 | 18/9/19 | |
| 12658/16 | സുരേന്ദ്രൻ വലിയപറമ്പിൽ | വാസഗൃഹം | IX | Extension -19.12 | 4/10/19 | കൂട്ടിചേർക്കുന്നതിനുള്ള പെർമിറ്റ് |
| 13284/16 | ഷീല, വിഷ്ണു രാജ്, വിസ്മയ രാജ് കൊല്ലംപറമ്പിൽ | വാസഗൃഹം | IX | 133.63 | 31/8/19 | |
| 14005/16 | ഇൻഡസ് ടവർ ലിമിറ്റഡ് | മൊബൈൽ ടവർ | - | 14.85 | 8/9/17 | |
| 14462/16 | M.K. സദാനന്ദൻ | വാണിജ്യം | XIII | Total 483.23(Incl Existing- 65.27) | 1/1/20 | കൂട്ടിചേർക്കുന്നതിനുള്ള പെർമിറ്റ് |
| 14465/16 | ജൂബി നമ്പൂരിമഠത്തിൽ | വാസഗൃഹം | IV | 753.01 | 20/10/19 | |
| 14487/16 | ഷാജി മുടവൻ കാട്ടിൽ | വാസഗൃഹം + ഓഫീസ് | VI | Total 544.55 (Incl .48.39)I Office - | 2/11/19 | Partail Occupancy Given For 251.20 M2 Dt 28.12.17 |
| 15399/16 | ജയന്തി വീരാണിമാട്ട് | വാസഗൃഹം Extension | 18 | Total – 130.31 (Extension 58.09) | 25.7.20 | കൂട്ടിചേർക്കുന്നതിനുള്ള പെർമിറ്റ് |
| 15739/16 | രവീന്ദ്രൻ എൻ.വി. നാലുമാക്കൽ | വാസഗൃഹം Extension | II | Total – 212.03 (Extension 30.16) | 27/10/19 | കൂട്ടിചേർക്കുന്നതിനുള്ള പെർമിറ്റ് |
| 14752/16 | ചന്ദ്രിക ചന്ദ്രശേഖരൻ | വാസഗൃഹം | VI | 349.92 | 28/9/19 | |
| 15747 | മൊയ്തീൻ പതിയപറമ്പിൽ | വാസഗൃഹം | XIII | Total – 152.68 M2 Extension – 34.55 | 23/10/19 | കൂട്ടിചേർക്കുന്നതിനുള്ള പെർമിറ്റ് |
| 16402 | മനോജ് പ്ലാക്കുളത്ത്, സുരേന്ദ്രൻ ഐനിപ്പുള്ളി | വാസഗൃഹം | I | 152.97 | 01/11/19 | |
| 17544 | സാബു, കൊട്ടാരത്തുരുത്തി | വാസഗൃഹം | XIV | 100.52 | 23/11/19 | |
| 18218 | സജീവൻ, രേഷ്മാബായി നാറനാട്ട്, JTS സ്കൂൾ | - | I | Total – 179.21 Proposed- 14.11 | 1/3/20 | കൂട്ടിചേർക്കുന്നതിനുള്ള പെർമിറ്റ് |
| 18233/16 | പങ്കജാക്ഷൻ പൂവത്തറ | വാസഗൃഹം | XII | Total – 64.78 Pro- 12.00 | 14/2/20 | കൂട്ടിചേർക്കുന്നതിനുള്ള പെർമിറ്റ് |
| 18364/16 | കുഞ്ഞിമുഹമ്മദ്, കന്നംകളത്ത് | വർക്ക് ഷോപ്പ് | XII | Total -18.65 Extension – 30.27 | 23/1/20 | കൂട്ടിചേർക്കുന്നതിനുള്ള പെർമിറ്റ് |
| 18492/16 | രഞ്ജിത്ത്, ഈരാഴേത്ത് | വാസഗൃഹം | XVI | 176.96 | 10/1/20 | |
| 18537/16 | രഘുനാഥൻ, മക്കനായി പടിഞ്ഞാറേ മഠത്തിൽ | വാണിജ്യം | 41 | 611.69 | 24/4/20 | |
| 18762/16 | ലാലു പാറയിൽ | വാസഗൃഹം | | 57.12 | 16/3/20 | |
| 19242/16 | ഹരി, വാസന്തി പണിക്കശ്ശേരി | വാസഗൃഹം | XVI | Total – 105.76 M2 | 13/3/20 | കൂട്ടിചേർക്കുന്നതിനുള്ള |

| | | | | | |
|---|---|---|---|---|---|
| | | | Pro - 41.45 M2 | | പെർമിറ്റ് |

B) മേത്തല വില്ലേജിൽ 419 അപേക്ഷകൾ ലഭിച്ചതിൽ 43 കെട്ടിടങ്ങൾക്ക് (വാണിജ്യ, വാസഗൃഹങ്ങൾക്ക്) ഒക്യുപൻസി ലഭ്യമാക്കുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്തിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 80/ 02.02.2022). ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കാൻ പെർമിറ്റ് എടുത്തിട്ടുള്ള കെട്ടിടങ്ങളും ഭാഗിക ഒക്യുപൻസി ലഭിച്ച കെട്ടിടങ്ങളും ഉൾപ്പെടുന്നുണ്ട്. മേൽ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് ഒക്യുപൻസി ലഭ്യമാക്കുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്യേണ്ടതാണ്.

കൂട്ടിച്ചേർക്കാൻ പെർമിറ്റ് എടുത്തിട്ടുള്ള കെട്ടിടങ്ങൾക്കു കെട്ടിട നമ്പർ ഉള്ളതിനാൽ പൂർത്തീകരണം അറിയിക്കാത്ത പക്ഷം അധികനിർമ്മാണം നടത്തിയ കെട്ടിടഭാഗങ്ങൾക്ക് നികുതി നിർണ്ണയം നടത്താതിരിക്കയും അതുവഴി നികുതിനഷ്ടം സംഭവിക്കുകയും ചെയ്യുന്നു. കെട്ടിട നിർമ്മാണം നടത്തുന്ന സമയത്ത് അനുമതി വാങ്ങുകയും പിന്നീട് പൂർത്തീകരണവിവരവും ഒക്യുപൻസി വിവരവും അറിയിക്കാത്തതിനാൽ അനധികൃത കെട്ടിടനിർമ്മാണത്തിൽ ഉൾപ്പെടുത്തിയ ധാരാളം കെട്ടിടങ്ങളുള്ളതായാണ് ഫയൽ പരിശോധനയിൽ നിന്നും മനസിലായത്. ആയതിനാൽ ഒക്യുപൻസി വിവരം പരിശോധിക്കപ്പെടാതിരിക്കുന്നത് അനധികൃത കെട്ടിടനിർമ്മാണം വർദ്ധിക്കുന്നതിന് ഇടയാക്കുന്നുണ്ട്.

എല്ലാ മാസവും നിശ്ചിത ദിവസം സെക്രട്ടറിയോ ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥരോ രജിസ്റ്റർ പരിശോധിക്കേണ്ടതും രജിസ്റ്ററിലെ ക്രമപ്രകാരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പരിശോധിച്ച വിവരം തീയതി വച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 1-36 നഗരസഭയിലെ അനധികൃത കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല

നഗരസഭയിലെ 63 അനധികൃത കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിലെ സാങ്കേതിക പ്രശ്നം മൂലമാണെന്നാണ് മറുപടി നൽകിയത്. ടി കെട്ടിടങ്ങൾ കൂടി ഉൾപ്പെടുത്തി വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കേണ്ടതാണ്.

## 1-37 മേത്തല മേഖലാ കാര്യാലയത്തിലെ അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്

മേത്തലാ മേഖലാ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കിയ അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി DCB താഴെ ചേർക്കുന്നു.

| ക്രമനം. | കെട്ടിട നം. | ഡിമാന്റ് (തൻ വർഷം + കുടിശ്ശിക) | കളക്ഷൻ | ബാലൻസ് | കുടിശ്ശിക ഈടാക്കാനുള്ളത് ഏത് അർദ്ധ വർഷം മുതൽ |
|---|---|---|---|---|---|
| 1. | II/237 A | 1506648 | - | 1506648 | 2015-16 II |
| 2. | 38/390 B(New) | 8738 | 3495 | 5243 | 2018-19 II |
| 3. | V/620 A | 439915 | 314225 | 125690 | 2013-14 I |
| 4.. | V/620 B | 549703 | 392645 | 157058 | 2013-14 I |
| 5. | V/620 C | 74844 | 53460 | 21384 | 2013-14 I |
| 6. | V/620 D | 549703 | 392645 | 157058 | 2013-14 I |
| 7. | V/620 E | 137795 | 98425 | 39370 | 2013-14 I |
| 8. | V/620 F | 568589 | 406135 | 162454 | 2013-14 I |
| 9. | V/ 11 | 74448 | Nil | 74448 | 2013-14 I |
| 10. | VI/ 2 | 202188 | 202188 | Nil | |
| 11. | VI/3 | 157140 | 157140 | Nil | |
| 12. | VI/ 94 | 488592 | Nil | 488592 | 2014-15 I |

| | | | | | |
|---|---|---|---|---|---|
| 13. | VIII/ 443 A | 9252 | Nil | 9252 | 2019-20 II |
| 14. | IX/ 295 | 51720 | Nil | 51720 | 2013-14 I |
| 15. | XI/ 306 A | 13768 | 12047 | 1721 | 2017-18 I |
| 16. | XX/ 306 A | 6606 | 3303 | 3303 | 2019-20 I |
| 17. | XX/ 1 | 1114210 | Nil | 1114210 | 2014-15 II |
| 18. | XX/ 159 | 800170 | 160034 | 640136 | 2011-12 II |
| 19. | XII/546 | 1220400 | 122040 | 1098360 | 2011-12 II |
| ആകെ | | 7974429 | 2317782 | 5656647 | |

മൊബൈൽ ടവറുകളുടെ കുടിശ്ശിക

| ക്രമ നം. | കെട്ടിട നം. | വാർഷിക വസ്തു നികുതി + ലൈബ്രറി സെസ് | അരിയർ കുടിശ്ശിക | തൻ വർഷ കുടിശ്ശിക | കുടിശ്ശിക ഈടാക്കാനുള്ളത് ഏത് അർദ്ധ വർഷം മുതൽ |
|---|---|---|---|---|---|
| 1. | 24/ 470 | 3000 + 150 | - | - | - |
| 2. | 24/ 198 | 3200 + 160 | 16184 | 3360 | 2016-17 I |
| 3. | 24/ 199 | 2800 + 140 | - | - | - |
| 4.. | 24/ 631 | 7956 + 398 | 24917 | 8354 | 2016-2017 II |
| 5. | 24/ 451 A | 8591 + 430 | 47658 | 9021 | 2013-14 I |
| 6. | 35/47 A | 4200 + 210 | 23070 | 4410 | 2013-14 I |
| 7. | 34/ 282 | 17500 + 875 | 92900 | 18376 | 2013-14 I |
| 8. | 32/318 | 6000 + 300 | 34650 | 6300 | 2013-14 I |
| 9. | 27/ 205 | 7236 + 362 | 36967 | 7598 | 2016-17 I |
| 10. | 18/ 501 A | 1269 + 164 | 3329 | 1333 | 2018-19 II |
| 11. | 32/ 239 | 10242 + 513 | 51738 | 10755 | 2016-17 I |
| ആകെ | | | 331413 | 69507 | |

ഓഡിറ്റ് എൻക്വയറി നം. 35/ 29.01.2022 പ്രകാരം അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക, മൊബൈൽ ടവറുകളുടെ കുടിശ്ശിക, എന്നിവ ഈടാക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നു. മൊബൈൽ ടവറുകളുടെ കുടിശ്ശിക, അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക എന്നിവ ഈടാക്കാൻ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ആർ.ആർ. നടപടി സ്വീകരിക്കുമെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 539 പ്രകാരം 3 വർഷത്തിന് ശേഷം തുകകൾ കാലഹരണപ്പെടുന്നതാണ്. ടി നികുതി പിരിച്ചെടുക്കാൻ സാധിക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 ഒരു വ്യക്തിയുടെ ഒന്നിലധികം വാസഗൃഹങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി -പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്

നഗരസഭയിലെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില കെട്ടിടങ്ങളെ അനർഹമായി ഒഴിവാക്കിയതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

I)സ.ഉ. (എം.എസ്) 144/15/ത.സ്വ.ഭ.വ. തീയതി 27.04.2015, സ.ഉ. (എം.എസ്) 358/15/ത.സ്വ.ഭ.വ. തീയതി 16.12.2015 എന്നിവ പ്രകാരം 60 ച.മീ. തറവിസ്തീർണമുള്ള വാസഗൃഹങ്ങളെ 2015-16 സാമ്പത്തിക വർഷം മുതൽ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിരുന്നു. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ ഒരു കുടുംബനാഥൻ/ കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്ന ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. ഒരു പഞ്ച വർഷ കാലയളവിലേക്ക് ഇപ്രകാരം നികുതി ഒഴിവ് നൽകുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി കർശനമായും സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭയുടെ 1,3 വാർഡുകൾ മാത്രം പരിശോധിച്ചതിൽ ഒരു ഉടമസ്ഥന്റെ ഒന്നിലധികം വാസഗൃഹത്തിന് ടി നികുതിയിളവ് ബാധകമാക്കിയതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് /കെട്ടിട നം | ഉടമ | തറവിസ്തീർണം ച.മീ |
|---|---|---|---|
| 1 | 1/47 | ത്രേസ്യാമ്മ ബൈജു , കണിച്ചുകുന്നത്ത് | 48.77 |
| 2 | 1/47/1 | | 55 |
| 3 | 1/99 | മാണിക്കുന്നത്തു വീട്ടിൽ ഫാത്തിമ, അബ്ദുൾ മനാഫ് | 52.92 |
| 4 | 1/99/1 | | 52.92 |
| 5 | 1/135 | വടശ്ശേരി ജയപ്രകാശ് | 115.3 |
| 6 | 1/135/1 | | 20 |
| 7 | 1/236 C | അയ്യപ്പദാസ് ഉണ്ണിപറമ്പത്ത് തറയിൽ | 26.67 |
| 8 | 1/236 D | | 132.9 |
| 9 | 1/260 | ആനന്ദൻ ചെറുവള്ളിയിൽ | 48.93 |
| 10 | 1/260 A | | 59.58 |
| 11 | 1/378 | ധനലക്ഷ്മി മണലിക്കാട്ടിൽ | 29.5 |
| 12 | 1/378 A | | 69.44 |
| 13 | 1/380/1 | സി.പി പ്രകാശൻ ചുള്ളിപറമ്പിൽ | 56.25 |
| 14 | 1/380 | | 69.44 |
| 15 | 3/89/4 | റജിന കുഴിക്കണ്ടത്തിൽ | 56.88 |
| 16 | 3/89/A | | 56.88 |
| 17 | 3/129/1 | ഇന്ദിര രാമദേവൻ രാമൻകുളത്ത് | 25.92 |
| 18 | 3/129/B | | 55.59 |
| 19 | 3/224 | സരസ്വതി കൈതവളപ്പിൽ | 20 |
| 20 | 3/224 A | | 48.44 |

II) ലോനശ്ശേരിടത്ത് കളരിക്കൽ ഗോപാലക്കുറുപ്പ്, നാരായണക്കുറുപ്പ് എന്നവരുടെ ഉടമസ്ഥതയിലുള്ള 3/44 UA നം. കെട്ടിടത്തെ (162.63 M2 വിസ്തീർണം) വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി.

III) I/461 നം. കെട്ടിടം - സതീശൻ കളപ്പുരക്കൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 123.37 ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിനെ 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ വിസ്തീർണമുള്ള കെട്ടിട' വിഭാഗത്തിൽ ഉൾപ്പെടുത്തി 60/- രൂപ നിരക്കിലാണ് 2016 I അർദ്ധവർഷം മുതൽ നികുതി പരിഷ്കരിച്ചത്. ആയതിന് 80/-രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്.

IV) IV/ 36,37,38,39 നം. കെട്ടിടങ്ങളിൽ ഡി. & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 'Line Builders & Service Apartments' എന്ന ലോഡ്ജിംഗ് കെട്ടിടമാണ് പ്രവർത്തിക്കുന്നത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ടി കെട്ടിടങ്ങൾക്ക് 'പാർപ്പിടാവശ്യം' എന്ന ഗണത്തിൽ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കിലാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്.
(ഓഡിറ്റ് എൻക്വയറി നം. 81/ 02.02.2022)
മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുമെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്.

2020-21 വർഷത്തിലാണ് നഗരസഭയുടെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട ഡാറ്റാ എൻട്രികളും അംഗീകാരം നൽകലും പൂർത്തീകരിച്ചതെന്നതിനാൽ (ആകെ-34291 കെട്ടിടങ്ങൾ) മേൽ സൂചിപ്പിച്ച തരത്തിലുള്ള അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നഗരസഭയ്ക്ക് വസ്തുനികുതിയിനത്തിൽ വൻ നഷ്ടം സംഭവിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ മേൽ സൂചിപ്പിച്ചവ ഏതാനും ഉദാഹരണങ്ങൾ മാത്രമായതിനാൽ മുഴുവൻ

വാർഡുകളിലെയും അസസ്മെന്റുകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-39 D&O ലൈസൻസ്

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 447, 2011-ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ D&O ലൈസൻസ് എടുക്കാത്തതായി കാണുന്നു. നഗരസഭാ പരിധിയിൽ 32 റേഷൻ കടകളാണ് പ്രവർത്തിക്കുന്നത്. 2020-21 ൽ ഒന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല. റേഷൻ കടകളെ 2011-ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ഇനം പട്ടിക 11ലെ ക്രമ നം.54 പ്രകാരം ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. റേഷൻ കടകളുടെ ലൈസൻസ് എടുക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

നഗരസഭാ പരിധിയിലെ പ്രവർത്തിക്കുന്ന 10 കള്ള് ഷാപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല. ആയതിനാൽ 32 റേഷൻ കടകളും 10 കള്ള് ഷാപ്പുകളും ലൈസൻസ് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ട്രേഡേഴ്സ് ലിസ്റ്റ്

2020-21 വർഷ ഫീൽഡ് പരിശോധന നടത്തി തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കൃത്യമായ രീതിയിൽ ഫീൽഡ് പരിശോധന നടത്തി അവയുടെ വാർഡ് പ്രകാരമുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടതുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഈ കാര്യങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 36 / തീ.27.1.22 ) വിവരങ്ങൾ നൽകുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-40 ട്യൂട്ടോറിയൽ കോളേജ് രെജിസ്ട്രേഷൻ- ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

ട്യൂട്ടോറിയൽ കോളേജ് രജിസ്ട്രേഷൻ ഫീ ഇനത്തിലുള്ള വരവ് പരിശോധിക്കാൻ ആവശ്യമായ രേഖകളും രജിസ്റ്ററുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഇനം | വർഷം | തുക |
|---|---|---|---|
| 1. | ട്യൂട്ടോറിയൽ കോളേജ് രജിസ്ട്രേഷൻ ഫീ | 2020 -21 | 2300 |

ആയതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ലഭ്യമായ മേൽ വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നമ്പർ: 38 / തീ.27.1.22 ) മറുപടി തൃപ്തികരമല്ല. വരവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും രജിസ്റ്ററും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-41 കോൺഫറൻസ് ഹാൾ /കമ്മ്യൂണിറ്റി ഹാൾ വാടക

നഗരസഭ ഉടമസ്ഥതയിലുള്ള കോൺഫറൻസ് ഹാൾ / കമ്മ്യൂണിറ്റി ഹാളിൽ നിന്നും വാടക ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ലഭ്യമായ വരവ് (RP-3 പ്രകാരം) – 47,500/-രൂപയാണ്. എന്നാൽ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയ വാടക രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകളില്ലാതെ എഴുതി സൂക്ഷിച്ചിരിക്കുന്നതിനാൽ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. രജിസ്റ്ററോടൊപ്പം അപേക്ഷ ഫയലുകളും വാടക ബൈലോയും ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച വരവിന്റെ സാമ്പത്തിക വർഷാവസാനത്തിലെ സംക്ഷിപ്തമോ മേലധികാരിയുടെ സാക്ഷ്യപ്പെടുത്തലുകളോ രജിസ്റ്ററിൽ വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 52 / തീ.31.1.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രതിപാദിച്ച വിവരങ്ങൾക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-42 പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ രെജിസ്റ്ററേഷൻ ഫീ -ഫയലുകളും രജിസ്റ്ററുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

പ്രൈവറ്റ് ഹോസ്പിറ്റൽ & പാരാമെഡിക്കൽ ഇൻസ്റ്റിട്യൂഷൻ രജിസ്ട്രേഷൻ ഫീ ഇനത്തിലുള്ള വരവ് പരിശോധിക്കാൻ ആവശ്യമായ രേഖകളും രജിസ്റ്ററുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല .

| ക്രമ നമ്പർ | വർഷം | ഇനം | തുക |
|---|---|---|---|
| 1. | 2020 -21 | പ്രൈവറ്റ് ഹോസ്പിറ്റൽ & പാരാമെഡിക്കൽ ഇൻസ്റ്റിട്യൂഷൻ രജിസ്ട്രേഷൻ ഫീ | 8400 |

ആയതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള മേൽ വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നമ്പർ: 38 / തീ.27.1.22 ) മറുപടി തൃപ്തികരമല്ല. വരവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും രജിസ്റ്ററും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-43 ലേലം ഫയൽ ലഭ്യമാക്കിയില്ല

2020-21 വർഷം താഴെ പറയും പ്രകാരം ലേലം ഇനത്തിൽ വരവ് ലഭിച്ചിട്ടുണ്ട്. ആയതിന്റെ ഫയലും രജിസ്റ്ററുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ:53/31.1.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം ലഭ്യമായ വരവ് (RP-5 പ്രകാരം) |
|---|---|
| Sale Of Scrap | 8845 |
| Sale Of Usufructs | 630 |

## 1-44 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല

നഗരസഭയുടെ 44 വാർഡുകളിൽ സാനിറ്റേഷൻ പ്രവർത്തികൾക്കായി 2020-21 വർഷം താഴെപ്പറയുന്ന രീതിയിൽ തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഇനം | ചെക്ക് നം/ തിയതി | തുക |
|---|---|---|---|
| 1 | മഴക്കാല പൂർവശുചീകരണത്തിനായി കൊടുങ്ങല്ലൂർ മേഖല കാര്യാലയത്തിലെ 22 വാർഡുകൾക്കുവേണ്ടി നൽകിയത് | 662025/ 05.06.2020 File No. PH1-9181/18 | 3,30,000 |
| 2 | മഴക്കാല പൂർവശുചീകരണത്തിനായി മേത്തല മേഖല കാര്യാലയത്തിലെ 22 വാർഡുകൾക്കുവേണ്ടി നൽകിയത് | 662026/ 05.06.2020 File No. PH1-9181/18 | 2,20,000 |

ബന്ധപ്പെട്ട മുഴവൻ ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 75 / തീ.2.2.22 ) വിവരങ്ങൾ നൽകുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട മുഴവൻ ചെലവ് രേഖകൾ ഹാജരാക്കുന്നതു വരെ ചെലവഴിച്ച 5,50,000രൂപ തടസ്സപ്പെടുത്തുന്നു.

## 1-45 കൃഷിഭവനിലേക്ക് കമ്പ്യൂട്ടറും മറ്റു അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-ഒറിജിനൽ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല

പ്രോജക്റ്റ് നം. 156/21

നിർവ്വഹണോദ്യോഗസ്ഥ -കൃഷി ഫീൽഡ് ഓഫീസർ

ട്രഷറി ബിൽ നം-തി-തുക-

10/04.03.21-77,482/- വൗച്ചർ നം.22002468/03.03.2021 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)
19/22.03.21-40,036/- വൗച്ചർ നം.22002548/23.03.2021 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

മേൽ പ്രോജക്റ്റ് നടപ്പാക്കുന്നതിന് വേണ്ടി 2 ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിന് പ്രൊഫോർമ ഇൻവോയ്സ് നം.21851/TVM /ITGB/RC/20-21 Dt. 23.02.21 പ്രകാരം 77482/-രൂപയും, പ്രിന്റർ, സ്കാനർ എന്നിവ വാങ്ങുന്നതിന് പ്രൊഫോർമ ഇൻവോയ്സ് നം. 25287/TVM/ITGB/RC/20-21 Dt. 20.03.21 പ്രകാരം 40,036/-രൂപയും കെൽട്രോണിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഒറിജിനൽ ഇൻവോയ്സ്, സ്റ്റോക്ക് എന്നിവ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നത് വരെ ചെലവഴിച്ച 1,17,518/ രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി – 23/25.01.22)

## 1-46 ഗവ.ആയുർവേദ ആശുപത്രിയിലേക്ക് മരുന്നവാങ്ങൽ അപാകതകൾ

മെഡിക്കൽ ഓഫീസർ (ആയുർ വേദം) നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രൊജക്ടുകൾക്ക് മരുന്നുകൾ ലഭ്യമാക്കിയിട്ടുള്ള ഇൻവോയിസുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന മരുന്നുകളുടെ മാനുഫാക്ച്ചറിങ്ങ് തീയതി ഇൻവോയിസ് തീയതിക്ക് ശേഷം വരുന്ന രീതിയിലാണ് ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലാ മെഡിക്കൽ ഓഫീസർ,

ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, തൃശ്ശൂരിൽ നിന്നും നോൺ-അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായതിനെ തുടർന്ന് ഔഷധി, ദ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം) കേരള ലിമിറ്റഡ്, കുട്ടനല്ലൂരിൽ നിന്നുമാണ് മരുന്നുകൾ വാങ്ങിയിരിക്കുന്നത്.

പ്രൊജക്ട് നം. – 112
പ്രൊജക്ടിന്റെ പേര് – പുല്ലൂറ്റ് ഗവൺമെന്റ് ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ
അടങ്കൽ – 1200000 (മെയിന്റനൻസ് ഫണ്ട് – റോഡിതരം)
ചെലവ് – 1200000, വൗച്ചർ നമ്പർ.22001654/തീ.07.10.2020
ബിൽ നം. തീയതി- 26/20-21 12,00,000/- 13.10.20

| ക്രമ നം. | ബാച്ച് നമ്പർ | ഇൻവോയ്സ് നം. | ഇൻവോയ്സ് തീയതി | ഇൻവോയ്സ് ക്രമ നം. | മരുന്നിന്റെ പേര് | മാനുഫാക്ച്വറിങ്ങ് തീയതി | എക്സ്പയറിംഗ് തീയതി | മരുന്ന് സ്റ്റോക്ക് രജിസ്റ്ററിൽ എടുത്തിരിക്കുന്ന തീയതി |
|---|---|---|---|---|---|---|---|---|
| 1 | K172013 | 90200485 | 26.2.21 | 3 | പഞ്ചതിക്തകം | 3/21 | 2/23 | 25.3.21 |
| 2 | C102025 | 90190188 | 30.11.20 | 1 | താലീസ് പത്രാദിചൂർണ്ണം | 12/ 20 | 11/ 22 | 6.1.21 |
| 3 | C142035 | 90190188 | 30.11.20 | 2 | വരാചൂർണ്ണം | 12/ 20 | 11/ 22 | 6.1.21 |
| 4 | T912033 | 90190188 | 30.11.20 | 4 | ത്രിഫലാദി ഓയിൽ | 12/ 20 | 11/ 23 | 6.1.21 |
| 5 | T912033 | 90190188 | 30.11.20 | 5 | ത്രിഫലാദി ഓയിൽ | 12/ 20 | 11/ 23 | 6.1.21 |
| 6 | C1102011 | 90190188 | 30.11.20 | 7 | ഇന്ദുകാന്തം | 12/ 20 | 11/ 22 | 6.1.21 |
| 7 | A22010 | 90183929 | 17.10.20 | 3 | അമൃതാരിഷ്ടം | 11/20 | 10/30 | 20.11.20 |
| 8 | A20209 | 90183929 | 17.10.20 | 5 | പുനർവാസവം | 11/20 | 10/30 | 20.11.20 |
| 9 | PT132011 | 90173544 | 30.7.20 | 4 | സുദർശനം ഗുളിക | 8/20 | 7/23 | 13.8.20 |
| 10 | P412038 | 90173544 | 30.7.20 | 6 | വില്ല്വാദി ഗുളിക | 8/20 | 7/23 | 13.8.20 |
| 11 | AD12063 | 90173544 | 30.7.20 | 8 | അപരാജിത് ധൂമ ചൂർണ്ണം | 8/20 | 7/23 | 13.8.20 |

പ്രൊജക്ട് നം. – 113
പ്രൊജക്ടിന്റെ പേര് –തിരുവള്ളൂർ NRHM ഗവൺമെന്റ് ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ
അടങ്കൽ – 500000 (മെയിന്റനൻസ് ഫണ്ട്) – റോഡിതരം
ചെലവ് – 500000, വൗച്ചർ നം.22001666/07.10.20
ബിൽ നം. തീയതി- 27/20-21 5,00,000/- 13.10.20

| | ബാച്ച് നമ്പർ | ഇൻവോയ്സ് നം. | ഇൻവോയ്സ് തീയതി | ഇൻവോയ്സ് ക്രമ നം. | മരുന്നിന്റെ പേര് | മാനുഫാക്ച്വറിങ്ങ് തീയതി | എക്സ്പയറിംഗ് തീയതി | മരുന്ന് സ്റ്റോക്ക് രജിസ്റ്ററിൽ എടുത്തിരിക്കുന്ന തീയതി |
|---|---|---|---|---|---|---|---|---|
| 1 | K172013 | 90200487 | 26.2.2021 | 4 | പഞ്ചതിക്തകം | 3/21 | 2/23 | 30.3.21 |
| 2 | T1420117 | 90192665 | 26.12.2020 | 5 | കൊട്ടൻ ചുക്കാദി തൈലം | 1/21 | 12/23 | 15.1.21 |
| 3 | C152017 | 90192665 | 26.12.2020 | 9 | വൈശ്വനര ചൂർണ്ണം | 11/21 | 12/22 | സ്റ്റോക്ക് രജിസ്റ്ററിൽ മരുന്ന് എടുത്തിരിക്കുന്ന തീയതി ചേർത്തിട്ടില്ല . 1.11.21 ആകുമ്പോളേക്കും മരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്തു. |
| 4 | K682085 | 90192665 | 26.12.2020 | 10 | ശടംങം | 11/21 | 12/22 | 15.1.21 ന് സ്റ്റോക്ക് രജിസ്റ്ററിൽ മരുന്ന് എടുത്തിരിക്കുന്നത്. 3.6.21 ആകുമ്പോളേക്കും മരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്തു. |
| 5 | A212010 | 90183924 | 17.10.2020 | 2 | ബലാരിഷ്ടം | 11/20 | 10/30 | 14.12.20 |
| 6 | A23208 | 90183924 | 17.10.2020 | 4 | മുസ്താരിഷ്ടം | 12/20 | 11/30 | 14.12.20 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | A22010 | 90183924 | 17.10.2020 | 5 | അമൃതാരിഷ്ടം | 11/20 | 10/30 | 14.12.20 |
| 8 | A29209 | 90183924 | 17.10.2020 | 7 | വാസാരിഷ്ടം | 11/20 | 10/30 | 14.12.20 |
| 9 | T972018 | 90183924 | 17.10.2020 | 12 | ബാല ഗുലൂച്യാദി | 11/20 | 10/23 | 14.12.20 |
| 10 | T722202 | 90183924 | 17.10.2020 | 16 | ധന്വന്തരം | 11/20 | 10/22 | 14.12.20 |
| 11 | PT07205 | 90183924 | 17.10.2020 | 17 | മുറിവെണ്ണ ഓയിൻമെന്റ് | 11/20 | 10/23 | 14.12.20 |
| 12 | PT02206 | 90183924 | 17.10.2020 | 18 | റുമാജിത്ത് ഓയിൻമെന്റ് | 11/20 | 10/23 | 14.12.20 |
| 13 | K42207 | 90183924 | 17.10.2020 | 22 | അഷ്ടവർഗം | 11/20 | 10/22 | 14.12.20 |
| 14 | K42207 | 90183924 | 17.10.2020 | 23 | അഷ്ടവർഗം | 11/20 | 10/22 | 14.12.20 |
| 15 | T492028 | 90185786 | 30.10.20 | 2 | ശതാവ്യാധി കുഴമ്പ് | 11/20 | 10/23 | 14.12.20 |
| 16 | TC320113 | 90190249 | 30.11.20 | 1 | കർപ്പൂരാദി തൈലം | 12/20 | 11/23 | 4.1.21 |
| 17 | T92017 | 90190249 | 30.11.20 | 4 | കറപ്പൻ തൈലം | 12/20 | 11/23 | 4.1.21 |
| 18 | K552092 | 90190249 | 30.11.20 | 6 | ഇന്ദുകാന്തം | 12/20 | 11/22 | 4.1.21 |

മേൽ പട്ടികയിൽ സൂചിപ്പിച്ച എല്ലാ പദ്ധതികളിലെയും ഇൻവോയ്സുകളിൽ മരുന്നുകളുടെ നിർമ്മാണ തീയതി, Tax ഇൻവോയ്സ് തീയതിക്ക് ശേഷമാണ് വന്നിരിക്കുന്നത്. ഈ അപാകത കണ്ടെത്തി ഔഷധിക്ക റിപ്പോർട്ട് ചെയ്തിട്ടുള്ള പക്ഷം ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-47 ഗവ.ആയുർവേദ ആശുപത്രി-കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതി

പ്രൊജക്റ്റിന്റെ പേര് – മേത്തല ഗവ.ആയുർവേദ ആശുപത്രി – കമ്പ്യൂട്ടർ, പ്രിൻറർ, സ്കാനർ, ഫർണീച്ചർ, മരുന്നുകൾ സൂക്ഷിച്ച് വയ്ക്കുന്നതിനുള്ള റാക്ക് – വാങ്ങൽ പദ്ധതി

പ്രൊജക്റ്റ് നമ്പർ - 157 /20-21

ആകെ അടങ്കൽ - 100000 ( മെയിൻറ്റനൻസ് ഫണ്ട്) (റോഡിതരം)

ചെലവ് - 38741

വൗച്ചർ നം.22002635/26.03.21

മേത്തല ഗവ.ആയുർവേദ ആശുപത്രിയിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്ന പദ്ധതിയുടെ ഭാഗമായി കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ (കെൽട്രോൺ) 38741 രൂപ ( A/C NO.799011400003959) മുൻകൂറായി നൽകിയിട്ടുണ്ട്. സ്ഥാപനവുമായി എഗ്രിമെന്റിൽ ഏർപ്പെടാതെയാണ് തുക കൈമാറിയിരിക്കുന്നത്. നാളിതുവരെ ആയിട്ടും കമ്പ്യൂട്ടർ ലഭ്യമാക്കിയിട്ടില്ല. 24.2.21 ലെ TVM/ITBG/PI/RC/21947/20-21(21947) നമ്പർ പ്രോഫോർമ ഇൻവോയ്സ് പ്രകാരം 18.2.22 ന് ഇതിന്റെ കാലാവധി തീരുകയാണ്. ഏകദേശം ഒരു മാസം മാത്രം ബാക്കി നിൽക്കെ കമ്പ്യൂട്ടർ ഇത് വരെ ലഭ്യമായിട്ടില്ല. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.
പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, മരുന്ന് സൂക്ഷിക്കുന്നതിന് ആവശ്യമായ റാക്ക് എന്നിവ വാങ്ങുന്നതിനുള്ളതിനാണ്. എന്നാൽ കമ്പ്യൂട്ടർ ഒഴികെ മറ്റൊന്നിനും വാങ്ങൽ നടപടികൾ സ്വീകരിച്ചിട്ടില്ല. ആയത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.45/തീ.29.01.22) മറുപടി ലഭ്യമാക്കിയിട്ടില്ല. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ അല്ലാത്ത പക്ഷം തുക തിരികെ ലഭ്യമാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-48 പരസ്യനികുതി -ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല

പരസ്യ ചെലവിനത്തിൽ ദേശാഭിമാനി, ജനയുഗം എന്നീ ദിനപത്രങ്ങൾക്ക് വേണ്ടി നൽകിയ ബില്ലുകളിൻമേൽ സർക്കാർ ഉത്തരവ് (ആർ.ടി.) 1/2021/IPRD/തി. 04.1.11. പ്രകാരം നിർദ്ദേശിച്ച രീതിയിൽ15% ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല.വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഇൻവോയ്സ് നം. തി. | തുക | ചെക്ക് നം./ തി |
|---|---|---|---|---|
| 1 | ദേശാഭിമാനി | TCR/20-21 /1064/23.08.20 | 8400/- | 594671/03.11.20 |
| 2 | ജനയുഗം | 2020080157/20.08.20 | 5040/- | 594672/03.11.20 |
| 3 | കേരള കൗമുദി | BLTSR/00045067 /09.09.20 | 1890/- | 594683/09.11.20 |
| 4 | കേരളകൗമുദി | BLTSR/00044910 /12.08.20 | 3150/- | 594683/09.11.20 |

| | | | | |
|---|---|---|---|---|
| 5 | കേരളകൗമുദി | BLTSR/00044910 /12.08.20 | 7560 | 594683/09.11.20 |
| 6 | ദേശാഭിമാനി | TCR/21-22 /2273/05.01.21 | 8400/- | 618087/24.02.21 |
| 7 | ജനയുഗം | 2021020423/13.02.21 | 5987/- | 618150/18.03.21 |
| 8 | ദേശാഭിമാനി | TCR/20-21 /2776/13.02.21 | 31185/- | 632611/18.03.21 |
| 9 | ദേശാഭിമാനി | TCR/20-21 /2892/20.02.21 | 14700/- | 632625/22.03.21 |
| 10 | കേരളകൗമുദി | ഇൻവോയ്സ് ലഭ്യമല്ല. | 2100/- | 576874/24.09.20 |
| | | | 88412/ | |

പരസ്യ ചെലവിനത്തിൽ ലഭിക്കേണ്ട ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-49 പട്ടികജാതി വനിതകൾക്ക് സ്വയംതൊഴിൽ സംരംഭത്തിന് ഇരുചക്രവാഹനം -തുക അധികം നൽകി

പ്രോജക്റ്റ് നം. -154/21

നിർവ്വഹണോദ്യോഗസ്ഥൻ -വ്യവസായ വികസന ഓഫീസർ

ബിൽ നം. തി. 01/17.02.21-42770/- (വൗച്ചർ നം. 22002406/09.02.21)
ബിൽ നം. തി.02/20.03.21-46724/- (വൗച്ചർ നം. 22002545/18..03.21)

മേൽ പ്രോജക്റ്റ് പ്രകാരം 2ഗുണഭോക്താക്കൾക്ക് തൻവർഷം സ്വയംതൊഴിൽ സംരംഭത്തിന് ഇരുചക്രവാഹനം വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.4.9 പ്രകാരം വാഹനവിലയുടെ 50% ആണ് സബ്സിഡിയായി നൽകേണ്ടത്. എന്നാൽ ഇതിനു വിരുദ്ധമായി സബ്സിഡി നൽകിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഇൻവോയ്സ് നം. തി | വാഹന വില | നൽകിയ തുക | അർഹമായ തുക | അധികം |
|---|---|---|---|---|---|---|
| 1 | ചിഞ്ചു.സി.സി. ചക്കമ്പി വീട് വയലാർ, കൊടുങ്ങല്ലൂർ | അറക്കത്തറ ട്രാൻസ്പോർട്ട് സർവ്വീസസ് എറണാകുളം. KL1000022 V01509/01.02.21 | 72492 | 42770 | 36246 | 6524 |
| 2 | ശ്രീദേവി.പി.ജി. പാച്ചാംപിള്ളി ഹൗസ് കോട്ടപ്പുറം | ജോസ് ഓട്ടോമോബൈൽസ്, കുർക്കഞ്ചേരി V571/12.03.21 | 79894 | 46724 | 39947 | 6777 |

മേൽ പ്രകാരം അധികം നൽകിയ തുക ഈടാക്കി അടവാക്കേണ്ടതാണ്. അധികം നൽകിയ തുക-13301/- ഓഡിറ്റിൽ നിരാകരിക്കുന്നു. 56/31.01.22 പ്രകാരം എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-50 പി.എം.എ.വൈ പദ്ധതി:-ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – പ്രൊജക്റ്റ് ഓഫീസർ
ഭവന നിർമ്മാണ പദ്ധതി പ്രകാരം 4,00,000/-രൂപയാണ് ഭവനനിർമ്മാണത്തിനു വേണ്ടി ഗുണഭോക്താവിന് നൽകുന്നത്.
DPR-i മുതൽ lv വരെയുള്ള പി.എം.എ.വൈ പദ്ധതിയുടെ പരിശോധനയിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ തുക |
|---|---|
| അജ്മൽ ഫർവ | 360000/- |

| | |
|---|---|
| ശ്രീനിവാസൻ.കെ.എസ്. | 360000/- |
| ധന്യ.കെ.എം. | 360000/- |
| കൃഷ്ണൻകുട്ടി.എ.എൻ | 360000/- |
| സജിത | 360000/- |
| ഉഷ അശോകൻ | 360000/- |
| ശ്രീദേവി രാജൻ | 360000/- |
| ഓമന ഷൺമുഖൻ | 360000/- |
| ലേഖ | 360000/- |
| പത്മിനി.ടി.വി | 360000/- |
| നിർമ്മല | 360000/- |
| ഡെയ്സി ബേബി | 360000/- |
| വിഷി.കെ.വി | 360000/- |
| അമ്മു.കെ.കെ | 360000/- |
| സുനിത | 200000/- |
| സീന.പി.ഡി | 360000/- |
| ഗീത.എം.കെ | 360000/- |
| കൊച്ചുത്രേസ്യ.എ.ആർ | 360000/- |
| ധന്യ സനോജ് | 80000/- |
| വത്സല | 360000/- |
| ശിവദാസ്.പി.എസ് | 360000/- |
| വിസാസിനി.സി.കെ | 360000/- |
| താരദേവി.എം.ബി | 360000/- |
| ചന്ദി വേലായുധൻ | 360000/- |
| സ്മിത.സി.ആർ | 360000/- |
| അജിത ചന്ദ്രബാലൻ | 360000/- |
| വലിയമ്മ.പി.എ | 30000/- |
| ബോബി വിജു | 360000/- |
| നബീസ.ക.എസ് | 360000/- |
| സുകുമാരി | 360000/- |
| ഇന്ദിര.സി.കെ | 360000/- |
| സുനിത | 360000/- |
| ലക്ഷ്മി പ്രിയ | 360000/- |
| ജയശ്രീ | 360000/- |
| സാവിത്രി ചന്ദു | 200000/- |
| സജിനി.വി.എസ് | 360000/- |
| ശോഭന.ടി.ബി | 360000/- |
| കോമളം.ഇ.വി | 30000/- |
| സുശീല വാസു | 30000/- |
| നസീറ മജീദ് | 360000/- |
| രേണുക.ടി.ടി | 360000/- |
| ഷിമ്മി ജോസി | 360000/- |
| സീനത്ത് അബ്ദു | 360000/- |
| സോമലത | 360000/- |
| നബീസ | 360000/- |
| ഹർഷൻ.കെ.കെ | 360000/- |
| സുജാത.വി.കെ | 360000/- |

| | |
|---|---|
| സുനിത ജയൻ | 360000/- |
| മോഹിനി.കെ.കെ | 360000/- |
| സുമ ഉണ്ണികൃഷ്ണൻ | 200000/- |
| സന്ധ്യ.പി.എസ് | 40000/- |
| തങ്ക മണി | 360000/- |
| രാജൻ | 40000 |
| രജനി | 30000/- |
| രമ ഷൺമുഖൻ | 200000/- |
| അംബിക വേലായുധൻ | 360000/- |
| സിന്ധു.പി.വി | 360000/- |
| പുഷ്പ.കെ.എസ് | 360000/- |
| കമറുദ്ദീൻ.എം.എ | 300000/- |
| സുഭദ്ര | 360000/- |
| താര | 360000/- |
| കൃഷ്ണകുമാർ | 360000/- |
| ഓമന.ഒകെ | 360000/- |
| മിനി ലോറൻസ് | 360000/- |
| ലിജേഷ് | 360000/- |
| വിജയകുമാർ.കെ.വി | 360000/- |
| ജിജ.ടി.ടി | 360000/- |
| രമാദേവി.എ.കെ | 200000/- |
| നസീമ | 360000/- |
| സുലേഖ.എം.കെ | 360000/- |
| സിന്ധു | 360000/- |
| ബിന്ദുമോൾ.കെ.കെ | 360000/- |
| സുമി.ടി.എസ്. | 360000/- |
| അംബിക | 360000/- |
| ജാനകി | 360000/- |
| ഖദീജ | 360000/- |
| പ്രസന്ന | 360000/- |
| അജീഷ.സി.എ | 360000/- |
| ബീന.കെ.കെ | 360000/- |
| രുഗ്മിണി | 360000/- |
| രാജി | 360000/- |
| രമ്യ.കെ.ആർ | 360000/- |
| ലില്ലി ജോർജ്ജ് | 360000/- |
| സുലേഖ | 360000/- |
| ഷീല.വി.എ | 360000/- |
| ബീന | 360000/- |
| തുളസി.എൻ.കെ | 360000/- |
| സരിത.പി.ബി. | 360000/- |
| സൂര്യകുമാരൻ | 360000/- |
| വിജി.കെ.കെ | 360000/- |
| ബിന്ദുമണി | 80000/- |
| സുലത ബാബു | 360000/- |
| രഞ്ജിനി | 360000/- |

| | |
|---|---|
| ഏല്യ | 360000/- |
| ഫിലോമിന | 360000/- |
| നാൻസി.എം.പി | 80000/- |
| സുബയ്ദ | 360000/- |
| രമ.എം.ആർ | 360000/- |
| ജിൻജു ജോയ് | 360000/- |
| പുഷ്പ.കെ.ആർ | 360000/- |
| സുനി.കെ.എസ് | 360000/- |
| ജെസ്സി മൈക്കിൾ | 200000/- |
| ഗൗരി | 360000/- |
| ഇസബെല്ല പൗലോസ് | 360000/- |
| രാധ.എ.എം | 360000/- |
| സന്ധ്യ.കെ.ജി | 80000/- |

ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി-നം. 29/27.01.2022)

## 1-51 സെൻട്രൽ പെൻഷൻ ഫണ്ട്

നഗരസഭയിലെ റഗുലർ വിഭാഗം ജീവനക്കാരുടെ ആകെ വേതനത്തിന്റെ 15 % തുക എല്ലാ മാസവും നഗരകാര്യ ഡയറക്ടറുടെ പെൻഷൻ ഫണ്ടിലേയ്ക്ക് അടവാക്കി വരുന്നുണ്ട്. പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി രൂപീകരിച്ച കേന്ദ്രപെൻഷൻ ഫണ്ടിൽ നിന്നും തുക ലഭ്യമാകാത്തതിനാൽ ഇതിനായി നഗരസഭ തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നു. നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക തിരിച്ചടവാക്കുന്നുണ്ടെങ്കിലും ഈയിനത്തിൽ ഭീമമായ തുക നഗരസഭയ്ക്ക് ലഭ്യമാകാനുണ്ട്. 2019-20,2020-21 സാമ്പത്തിക വർഷം വരെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുള്ളതും നഗരസഭ പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കാനുള്ളതുമായ തുകകളുടെ വിവരം നഗരസഭയിൽ നിന്ന് ലഭ്യമാക്കിയത് താഴെ ചേർക്കുന്നു.

| ക്രമ നം. | തനത് ഫണ്ടിൽ നിന്നും നൽകിയ പ്രതിമാസ പെൻഷൻ തുകയും ക്ഷാമാശ്വാസ കുടിശ്ശികയും | തനതു ഫണ്ടിൽ നിന്നും നൽകിയ ഡി.സി.ആർ.ജി/കമ്മ്യൂട്ടേഷൻ തുക | നഗരസഭ അടക്കേണ്ടിയിരുന്ന പ്രതിമാസ പെൻഷൻ വിഹിതം | നഗരസഭ അടച്ച പ്രതിമാസ പെൻഷൻ വിഹിതം | നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന അലോട്ട്മെന്റ് തുക | നഗരസഭയ്ക്ക് ലഭിച്ച അലോട്ട്മെന്റ് തുക | സഗരസഭക്ക് ലഭിക്കാനുള്ള ബാലൻസ് തുക |
|---|---|---|---|---|---|---|---|
| 2006-07 | 1076699 | 924432 | 534130 | 534130 | 2001131 | 0 | 2001131 |
| 2007-08 | 1441662 | 0 | 632429 | 632429 | 1441662 | 1080564 | 361098 |
| 2008-09 | 1825406 | 0 | 605327 | 263313 | 1483392 | 1000000 | 483392 |
| 2009-10 | 1857101 | 0 | 986783 | 0 | 870318 | 1000000 | -129682 |
| 2010-11 | 2197317 | 0 | 1130458 | 0 | 1066859 | 0 | 1066859 |
| 2011-12 | 2817636 | 396301 | 1609383 | 0 | 1604554 | 331448 | 1273106 |
| 2012-13 | 3370053 | 100000 | 1913779 | 0 | 1556274 | 0 | 1556274 |
| 2013-14 | 4629980 | 402128 | 1871560 | 1702343 | 4862891 | 1500000 | 3362891 |
| 2014-15 | 4205067 | 0 | 2501115 | 2501115 | 4205067 | 0 | 4205067 |
| 2015-16 | 4460541 | 0 | 2627094 | 2627094 | 4460541 | 0 | 4460541 |
| 2016-17 | 5391714 | 3262842 | 2892247 | 2892247 | 8654556 | 0 | 8654556 |
| 2017-18 | 5511960 | 1712109 | 2322185 | 2322185 | 7224069 | 0 | 7224069 |
| 2018-19 | 5907276 | 3631033 | 2487658 | 2487568 | 9538309 | 6126710 | 3411599 |
| 2019-20 | 7600929 | 8750921 | 2656472 | 2656472 | 16351850 | 1600820 | 14751030 |
| 2020-21 | 6453826 | 606948 | 940516 | 940516 | 7060774 | 3888756 | 3172018 |
| ആകെ | | | | | | | 55853949 |

ബാലൻസ് ഷീറ്റ് പ്രകാരമുള്ള വിവരങ്ങൾ ചേർക്കുന്നു(2019-20)

| നഗരസഭയ്ക്ക് ലഭിക്കേണ്ട തുക (തൻവർഷം) | ശീർഷകം |
|---|---|
| ഷെഡ്യൂൾB5-1,63,14,851 | 431409901 |
| കുടിശ്ശിക-4,09,76,591 | 431409902 |
| ആകെ-5,72,91,442 | |
| കുറയ്ക്കുക -പെൻഷൻ കോൺട്രിബ്യൂഷൻ -61,99,706 | 350110600 |
| നീക്കിയിരിപ്പ്- 5,10,91,736 | |

ബാലൻസ് ഷീറ്റ് പ്രകാരമുള്ള വിവരങ്ങൾ ചേർക്കുന്നു(2020-21)

| നഗരസഭയ്ക്ക് ലഭിക്കേണ്ട തുക (തൻവർഷം) | ശീർഷകം |
|---|---|
| ഷെഡ്യൂൾ B15-26,02,156 | 431409901 |
| കുടിശ്ശിക-5,72,91,442 | 431409902 |
| ആകെ-5,98,93,598 | |
| കുറയ്ക്കുക – പെൻഷൻ കോൺട്രിബ്യൂഷൻ-67,16,609 | 350110600 |
| നീക്കിയിരിപ്പ്- 5,31,76,989 | |

ഫയൽ പ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ നഗരസഭയ്ക്ക് 2019-20,20-21 എന്നീ വർഷങ്ങളിൽ ലഭിക്കാനുള്ള തുക യഥാക്രമം 5,26,81,931/-, 5,58,53,949/- രൂപയും വാർഷികകണക്ക് പ്രകാരമുള്ള തുക5,10,91,736/-, 5,31,76,989/- രൂപയുമാണ്. നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട തുകയാണ് തനതുഫണ്ടിൽ നിന്നും ഇതിനായി ചെലവഴിച്ച് വരുന്നത്.

ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി-നം. 48 /29.01.2022)

## 1-52 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി:-നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല

എസ്.സി.ഡി.ഒ നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ഫയൽ, രജിസ്റ്റർ എന്നിവ പ്രകാരം മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെ പണി പൂർത്തീകരിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര്/നം. | ഗുണഭോക്താവ്/ വിദ്യാർത്ഥിയുടെ പേര് | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തിയതി | റിമാർക്സ് |
|---|---|---|---|---|
| പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി,S0099/21 | ഷാജി.പി.വി/ അർച്ചന | 50000/- | 09.02.2021 | പൂർത്തീകരണ സർട്ടിഫിക്കറ്റ് ഇല്ല |

ഇക്കാര്യം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 16/24.01.2022) ലഭ്യമാക്കിയ മറുപടിയിൽ ടിയാൻ വെള്ളക്കെട്ട് മൂലം നാളിതുവരെ പണി ആരംഭിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

## 1-53 വീട് അറ്റകുറ്റപ്പണി:-നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല

എസ്.സി.ഡി.ഒ നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ രജിസ്റ്റർ പ്രകാരം മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെ പണി പൂർത്തീകരിച്ചതായി കാണുന്നില്ല.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര്/നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തിയതി |
|---|---|---|---|
| വീട് അറ്റകുറ്റപ്പണി , S0098/21 | ഓമന മുരളീധരൻ | 75000/- | 25.02.2021 |

ഇക്കാര്യം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 16/24.01.2022) ലഭ്യമാക്കിയ മറുപടിയിൽ രണ്ടാം ഗഡു നൽകുന്നതിന് വാല്യുവേഷൻ സർട്ടിഫിക്കറ്റിനായി മുനിസിപ്പൽ എ.ഇ.യ്ക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-54 പട്ടികജാതി വികസന ഓഫീസിലെ സൗകര്യം ഉയർത്തൽ:-ഉപകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല

പട്ടികജാതി വികസന ഓഫീസിലെ സൗകര്യം ഉയർത്തൽ (S0626/21)

ഈ പദ്ധതി പ്രകാരം താഴെ പറയുന്ന വിവിധ ഇനങ്ങൾ വാങ്ങുന്നതിനായി Kerala State IT Mission ന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ ആയത് ലഭ്യമായതിന്റേയും സ്റ്റോക്കിൽ എടുത്തതിന്റേയും വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 16/24.01.2022) ലഭ്യമാക്കിയ മറുപടിയിൽ ഉപകരണങ്ങൾ നാളിതുവരെ കെൽട്രോണിൽ നിന്നും ലഭ്യമായിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ലഭ്യമാക്കി വിവരം

അറിയിക്കേണ്ടതാണ്.

| ബിൽ നം/തിയതി | തുക | ഇനം |
|---|---|---|
| 65/20-21/27.03.21 | 20018/- | പ്രിന്റർ |
| 66/20-21/27.03.21 | 39797/- | കമ്പ്യൂട്ടർ |

## 1-55 പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ്. ഈടാക്കേണ്ടതാണ്

നഗരസഭക്ക് വേണ്ടി ബഹു.ഹൈക്കോടതിയിൽ 5 കേസുകൾക്ക് ഹാജരായ വകയിൽ നഗരസഭ സ്റ്റാന്റിങ് കൗൺസൽ അഡ്വക്കേറ്റായ ശ്രീ.കെ.എ. നൗഷാദിന് 5.6.20 തീയതിയിലെ 576707 എന്ന ചെക്ക് നമ്പർ പ്രകാരം 49,000/-രൂപ കൈമാറിയിട്ടുണ്ട്.
1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194ജെ പ്രകാരം ഒരു സാമ്പത്തിക വർഷത്തിലെ 30,000/- രൂപയിൽ അധികമാകുന്ന പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ്. ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടിക പ്രകാരം നല്കിയ തുകയിൽ നിന്നും ആദായനികുതി ടി.ഡി.എസ്. ഈടാക്കിയിട്ടില്ല. ഉത്തരസ്ഥാനത്ത് ആദായനികുതി ഈടാക്കാത്തതിന്റെ കാരണം അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറിനം.76/02.02.2022) മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-56 പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന പ്രകാരം ഉപയോഗശൂന്യമായി കണ്ടെത്തിയ പൊതുടാപ്പുകൾ ഒഴിവാക്കുന്ന നടപടി ത്വരിതപ്പെടുത്തേണ്ടതാണ്

വാട്ടർ അതോറിറ്റി എക്സി.എഞ്ചിനീയറുടെ 31.3.2021 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം

| | |
|---|---|
| ക്ലോസിംഗ് ബാലൻസ് [ 28-2-2021ൽ] | 25,54,33,255 |
| ഫൈൻ | 50,10,657 |
| 3-ാം മാസത്തേക്ക് ഡിമാന്റ് | 5,72,247 |
| ആകെ | 26,10,16,159 |

ആകെ 26,10,16,159/- രൂപ അടയ്ക്കാനുള്ളതായി കാണിച്ചിരിക്കുന്നു. ഫയൽ Al 7200 14 പരിശോധിച്ചതിൽ താഴെ പറയുന്ന വസ്തുതകൾ കാണുന്നു.
1.3.3.2021 ലെ 10 ൽ 1 നമ്പർ തീരുമാനം പ്രകാരം വാട്ടർ അതോറിറ്റിയുടെയും മുനിസിപ്പാലിറ്റിയുടെയും സംയുക്ത പരിശോധന തീരുമാനിച്ച് നടത്തി. അസി എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി പി.എച്ച്. ഡി വിഷൻ കൊടുങ്ങല്ലൂരിന്റെ 27.5.20ലെ K WA /KS /GEN/ 16 നമ്പർ കത്ത് പ്രകാരം ഉപയോഗശൂന്യമായ 206 ടാപ്പുകളുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 200000 രൂപയുടെ എസ്റ്റിമേറ്റ് 30.9.20 ലെ DB/ 407/ K/ 19 - 20 നം. കത്ത് പ്രകാരം വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. ടി തുക മുനിസിപ്പാലിറ്റി നൽകുകയും ചെയ്തിട്ടുണ്ട്. [ചെക്ക് നം 594692 തിയതി 16.11.20]
3.3.2021 ലെ 1 ആം നമ്പർ തീരുമാനം മുഖേന വീടുകളിൽ വാട്ടർ കണക്ഷൻ ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ പൊതുടാപ്പുകൾ നിലനിർത്തേണ്ടതില്ലായെന്നും വാർഡ് 22, 23, 24 എന്നിവിടങ്ങളിൽ പരിശോധനയ്ക്ക് വിധേയമാക്കി റിപ്പോർട്ട് ലഭ്യമായതിനു ശേഷം തീരുമാനമെടുക്കാവുന്നതാണെന്നും തീരുമാനിച്ചിട്ടുണ്ട്.
മേൽ സാഹചര്യത്തിൽ ഏതാനും വാർഡുകളിൽ പൊതുടാപ്പുകൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് തർക്കം ഉടലെടുത്തതായും വാട്ടർ അതോറിറ്റിക്ക് ടാപ്പുകൾ നീക്കം ചെയ്യുന്ന ഡെപ്പോസിറ്റ് പ്രവൃത്തി നിറുത്തി വെയ്ക്കേണ്ട അവസ്ഥ വന്നിട്ടുള്ളതായി ഫയൽ രേഖകളിൽ നിന്ന് വ്യക്തമാണ്. നഗരസഭ ഇക്കാര്യത്തിൽ 10.3.21 ലെ എ1.-7200 114 നമ്പരായി വാട്ടർ അതോറിറ്റി എക്സി.എഞ്ചിനീയർക്ക് നൽകിയ കത്തിൽ 22 ,23 ,24 എന്നീ വാർഡുകൾ ഒഴികെ ബാക്കിയുള്ള വാർഡുകളിൽ സ്ഥിതി ചെയ്യുന്ന ഉപയോഗശൂന്യമായ പൊതുടാപ്പുകൾ നീക്കം ചെയ്യുന്ന പ്രവൃത്തി അടിയന്തിരമായി തുടരുന്നതിനും പൂർത്തീകരിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്.തർക്കം നിലനിൽക്കുന്ന വാർഡുകളുടെ വിവരം പിന്നീട് അറിയിക്കുന്നതാണ് എന്നും അറിയിച്ച കാണുന്നു.
പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക ഹരിത കേരളം മിഷൻ 7.1 ബി (7) ൽ പൊതുടാപ്പുകളിൽ നിന്നുള്ള കുടിവെള്ള ദുരുപയോഗം തടയുന്നതിന വേണ്ടി കർശന നടപടി എടുക്കുകയും ഘട്ടംഘട്ടമായി പൊതുടാപ്പുകളുടെ എണ്ണം കുറച്ചു കൊണ്ടു വരുകയും പകരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് കുടിവെള്ള - ഗാർഹിക കണക്ഷൻ നൽകുന്ന നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്എന്ന നിർദ്ദേശമുള്ളത് ശ്രദ്ധയിൽപെടുത്തുന്നു. പൊതുടാപ്പിനു പകരമായി ഹൗസ് കണക്ഷൻ പ്രോൽസാഹിപ്പിക്കേണ്ടതാണെന്ന് സബ്സിഡി മാർഗ്ഗരേഖയിലും നിർദ്ദേശമുണ്ട്.വിഷയത്തിൽ നഗരസഭ സ്വീകരിച്ച തുടർനടപടികളുടെ തൽസ്ഥിതിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
2.വാർഷിക കണക്കുകളിൽ ഭീമമായ കുടിശ്ശിക തുക ലയബിലിറ്റിയായി ബുക്ക് ചെയ്തിട്ടില്ല. കുടിശ്ശിക സംബന്ധിച്ച് ഭരണ സമിതി സർക്കാരുമായി നടത്തുന്ന ആശയ വിനിമയങ്ങൾ തുടരേണ്ടതും ശാശ്വത പരിഹാരം കണ്ടെത്തേണ്ടതുമാണ്.
[ഓഡിറ്റ് എൻക്വയറി നം.77/2.2.22 ന് മറുപടി ലഭ്യമാക്കിയില്ല]

## 1-57 വിനിയോഗവിവരം ലഭ്യമായിട്ടില്ല.

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വേണ്ടി താഴെ പറയും പ്രകാരമുള്ള തുക തനത് ഫണ്ടിൽ നിന്നും കൈമാറിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.

| ക്രമ | വൗച്ചർ/ചെക്ക് | തുക | റിമാർക്സ് |
|---|---|---|---|

| നം. | നം. തി. | | |
|---|---|---|---|
| 1 | 594692/16.11.20 | 200000/- | ഉപയോഗരഹിതമായ പൊതു ടാപ്പുകൾ നീക്കം ചെയ്യുന്നതിന് കേരള വാട്ടർ അതോരിറ്റിക്ക് നൽകിയത് |
| 2 | 508034/30.11.20 | 62000/- | വാർഡ് 18-ലെ 71-ാം നമ്പർ അംഗനവാടി കുടിവെള്ള കണക്ഷന് KWA ക്ക് നൽകിയത്. |
| 3 | 618125/06.03.21 | 8615/- | വാർഡ് 26-ലെ SNDP ഹരിജൻ കോളനി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് KSEB അസിസ്റ്റന്റ് എഞ്ചിനീയർ, കൊടുങ്ങല്ലൂരിന് നൽകിയത് |
| 4 | 618140/10.03.21 | 15729/- | വാർഡ് 24-ലെ 2പോസ്റ്റുകൾ മാറ്റി വെക്കുന്നതിന് മാറ്റി സ്ഥാപിക്കുന്നതിന് KSEB അസിസ്റ്റന്റ് എഞ്ചിനീയർ, കൊടുങ്ങല്ലൂരിന് നൽകിയത് |
| 5 | 618143/12.03.21 | 15607/- | 16-ാം വാർഡിലെ മണ്ണാറത്താഴം പോസ്റ്റുകൾ മാറ്റി വെക്കുന്നതിന് മാറ്റി സ്ഥാപിക്കുന്നതിന് KSEB അസിസ്റ്റന്റ് എഞ്ചിനീയർ, കൊടുങ്ങല്ലൂരിന് നൽകിയത് |
| 6 | 632625/22.03.21 | 13966/- | 1-ാം വാർഡിലെ പാറപ്പുള്ളി ചാണയിൽ റോഡിലെ 2പോസ്റ്റുകൾ മാറ്റി വെക്കുന്നതിന് മാറ്റി സ്ഥാപിക്കുന്നതിന് KSEB അസിസ്റ്റന്റ് എഞ്ചിനീയർ, |

| | | | |
|---|---|---|---|
| | | | കൊടുങ്ങല്ലൂരിന് നൽകിയത് |
| 7 | 632638/26.03.21 | 35941/- | 18-ാം വാർഡിലെSNVUP School റോഡിലെ പോസ്റ്റുകൾ മാറ്റി വെക്കുന്നതിന് മാറ്റി സ്ഥാപിക്കുന്നതിന് KSEB അസിസ്റ്റന്റ് എഞ്ചിനീയർ, കൊടുങ്ങല്ലൂരിന് നൽകിയത് |
| 8 | 576779/27.07.20 | 22398/- | വാർഡ് -9 ലെ പോസ്റ്റുകൾ മാറ്റി വെക്കുന്നതിന് മാറ്റി സ്ഥാപിക്കുന്നതിന് KSEB അസിസ്റ്റന്റ് എഞ്ചിനീയർ, കൊടുങ്ങല്ലൂരിന് നൽകിയത് |
| 9 | 576780/27.07.20 | 13991/- | വാർഡ് -30 ലെ പോസ്റ്റുകൾ മാറ്റി വെക്കുന്നതിന് മാറ്റി സ്ഥാപിക്കുന്നതിന് KSEB അസിസ്റ്റന്റ് എഞ്ചിനീയർ, കൊടുങ്ങല്ലൂരിന് നൽകിയത് |
| 10 | 576793/05.08.20 | 51517/- | 19-ാം വാർഡിലെ പൂന്തോട്ടം റോഡിലെ പോസ്റ്റുകൾ മാറ്റി വെക്കുന്നതിന് മാറ്റി സ്ഥാപിക്കുന്നതിന് KSEB അസിസ്റ്റന്റ് എഞ്ചിനീയർ, കൊടുങ്ങല്ലൂരിന് നൽകിയത് |

വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

## 1-58 വിവിധ പദ്ധതികളുടെ പൂർത്തീകരണവിവരം ലഭ്യമാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ പദ്ധതികൾക്ക് കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്റ്റ്നം./പേര് | ബിൽ നം. തി | വിവരണം |
|---|---|---|---|
| 1 | 02/21 | 2,50,000/- | IKM വിഹിതം |

| | | | |
|---|---|---|---|
| | IKM വിഹിതം നൽകൽ | (പദ്ധതി വിഹിതം ജനറൽ) വൗച്ചർ നം.22001057/14.05.20 | നൽകിയത് വിനിയോഗവിവരം ലഭ്യമല്ല. |
| 2 | 147/21 ABC പ്രോജക്റ്റ് | വൗച്ചർ നം.22001679/07.10.20 4,20,000/- (പദ്ധതി വിഹിതം ജനറൽ) | പ്രോജക്റ്റ് നടപ്പാക്കുന്നതിന് വേണ്ടി കുടുംബശ്രീ ജില്ലാ മിഷന് നൽകിയത്, കൈപ്പറ്റ് രശീത്, വിനിയോഗവിവരം എന്നിവ ലഭ്യമല്ല. |

മേൽ പ്രോജക്ടുകളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-59 നഗരസഭ വാഹനങ്ങളുടെ ലോഗ് ബുക്ക് പരിപാലനം

1. കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ 2000ലെ ചട്ടം 8 പ്രകാരം ഇന്ധനക്ഷമത സർട്ടിഫിക്കറ്റ് ഒരു വാഹനത്തെ സംബന്ധിച്ച് നിർബന്ധിതവും നിർണ്ണായകവുമാണ്. അവസാനമായി ഇന്ധനക്ഷമത പരിശോധന നടത്തിയ തീയതിക്ക ശേഷം ഒരു വർഷത്തിനകമോ അല്ലെങ്കിൽ വാഹനത്തിന്റെ എഞ്ചിന് കാര്യമായ അറ്റകുറ്റപണികൾ നടത്തിയ ഉടനെയോ ഇന്ധനക്ഷമത പരിശോധന നടത്തേണ്ടതാണ്. എന്നാൽ നഗരസഭ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന വാഹനങ്ങൾക്ക് 2020 -21 വർഷ ഇന്ധന ക്ഷമത – പരിശോധന നടത്തിയതായി കാണുന്നില്ല. ലോഗ് ബുക്കുകളിൽ മാസാന്ത്യസംക്ഷിപ്തം എഴുതി നിർവഹണ അധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
1.KL-47-F-6603-മുനിസിപ്പൽ സെക്രട്ടറി
2.KL-47-F-6608-മുനിസിപ്പൽ എഞ്ചിനീയർ
3.KL-47D-6070-മുനിസിപ്പൽ ചെയർപേഴ്സൺ
4.KL-47B-8969-മുനിസിപ്പൽ സെക്രട്ടറി(ആരോഗ്യവിഭാഗം-ടാക്ടർ)
5.KL-47A-6109-മുനിസിപ്പൽ സെക്രട്ടറി(ആരോഗ്യവിഭാഗം)
ഇന്ധനക്ഷമത പരിശോധന നടത്തി, ആയതിന്റെ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.55/തീ.31.01.22)
2. KL-47B-8969- മുനിസിപ്പൽ സെക്രട്ടറി(ആരോഗ്യവിഭാഗം - ടാക്ടർ) വാഹനത്തിന്റെ ലോഗ്ബുക്കിൽ മാലിന്യശേഖരണം നടത്തുന്നതിനായി പോയിരിക്കുന്ന സ്ഥലവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ഇൻഡന്റ് ഉപയോഗിച്ച് വാഹനത്തിൽ ഇന്ധനം നിറക്കുന്നതിന്റെ വിവരവും മാസാന്ത്യസംക്ഷിപ്ത രേഖപ്പെടുത്തലുകളോ നടത്തിയിട്ടില്ല.

## 1-60 തെങ്ങ് കൃഷി വികസനം-തെങ്ങ് വെട്ടൽ - അധിക തുക നൽകി

ബിൽ നം.തി. തുക -23/19-20/20.04.20-95,000/-
നിർവ്വഹണോദ്യോഗസ്ഥൻ -കൃഷി ഫീൽഡ് ഓഫീസർ.

ഒരു തെങ്ങ് വെട്ടി മാറ്റിയതിന് 500/- രൂപ വീതം കൃഷി അസിസ്റ്റന്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് സബ്സിഡി കൈമാറിയിട്ടുണ്ട്. എന്നാൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയതിൽ അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകേണ്ട തുക (റിപ്പോർട്ട് പ്രകാരം) | നൽകിയ തുക | അധികം |
|---|---|---|---|---|
| 1 | ചന്ദ്രൻ.എ.കെ അണ്ടുരുത്തി മേത്തല | 1തെങ്ങിന് 500/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. | 1000/- | 500 |
| 2 | വിജയകുമാർ.എ.കെ. അന്നച്ചിറ വീട് ലോകമലേശ്വരം | 2തെങ്ങിന് 1000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. | 3000 | 2000 |
| 3 | ഷീല വത്സൻ കളച്ചിറ പാലിയം തുരുത്ത് | അപേക്ഷ പ്രകാരം 2 തെങ്ങാണ് വെട്ടി | 1000 | 1000 |

| | | | | |
|---|---|---|---|---|
| | ആനാപ്പുഴ | മാറ്റിയിട്ടുള്ളത്. എന്നാൽ 2000/-രൂപ നൽകിയിട്ടുണ്ട്. | | |
| | ആകെ | | | 3500 |

മേൽ പ്രകാരം അധികം നൽകിയ തുക തിരികെ ഈടാക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി നൽകിയതിന് അന്വേഷണ റിപ്പോർട്ടിൽ തെറ്റായി രേഖപ്പെടുത്തിയത് മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്ന് മറുപടി നൽകി. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-61 വൗച്ചർ പരിശോധന -അപാകതകൾ

സാമ്പത്തിക വർഷം തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ കൈപ്പറ്റ് രശീത്, ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നം. തി. | തുക | റിമാർക്സ് |
|---|---|---|---|
| 1 | 608075/30.12.20 | 50000/- | അഡ്ജസ്റ്റ് ചെയ്തതായി അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അഡ്ജസ്റ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 000397/07.10.20 | 50000/- | സ്വച്ഛ്ഭാരത് സമ്പൂർണ്ണ ശുചിത്വ നഗര കമ്പയിന് ഭാഗമായി ബോർഡുകൾ സ്ഥാപിക്കുന്നതിന് ഡി.ബിജു.HI ക്ക് നൽകിയത്. അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. |
| 3 | 594648/20.10.20 | 300000/- | അർബൻ ഗവേണസ് ശക്തിപ്പെടുത്തുന്നതിന് KILAക്ക് നൽകിയത് കൈപ്പറ്റ് രശീത് ഇല്ല. |
| 4 | 608042/02.12.20 | 19400/- | വിവിധ പദ്ധതികളുടെ ഫോട്ടോ എടുത്തതിന് അരുൺ സ്റ്റുഡിയോവിന് നൽകിയത് രേഖകൾ ഇല്ല. |
| 5 | 0961615/27.11.20 | 774875/- | ലൈബ്രറി സെസ്സ് അടവാക്കിയത് കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല |
| 6 | 608052/07.12.20 | 26500/- | ടൗൺഹാൾ ബുക്കിങ്ങ് ഡെപ്പോസിറ്റ് റീ-ഫണ്ട് രേഖകൾ ഇല്ല |
| 7 | 608060/16.12.20 | 181638/- | തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരെ കൊണ്ടുപോകുന്നതിന് വാഹനങ്ങളുടെ വാടക രേഖകൾ ഇല്ല |
| 8 | 604112/25.01.21 | 31502/- | KCWWF അടവാക്കിയത് |

| | | | |
|---|---|---|---|
| | | | രേഖകൾ ഇല്ല. |
| 9 | 668098/13.01.21 | 150000/- | കാവിൽകടവ് ഷോപ്പിങ്ങ് കോംപ്ലക്സ് മുറി ഒഴിഞ്ഞതിന് ഡെപ്പോസിറ്റ് തിരികെ നൽകിയത് |
| 10 | 576694/2.6.20 | 28,114/- | വാർഡ് 26 ലെ ബംഗ്ലാ കുളം വൃത്തിയാക്കിയതിന്റെ ചെലവ് രേഖകൾ ഇല്ല |
| 11 | 576711/9.6.20 | 2,190/- | ദേശീയ പാത, പി.ഡബ്ല്യ.ഡി റോഡ് വശങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്തതിന്റെ ചെലവ് രേഖകൾ ഇല്ല |
| 12 | 576713/10.6.20 | 3,749/- | സയൻസ് സെന്റർ ഡയറക്ടർക്ക് മാസ്കം സാനിറ്റയിസർ നിർമ്മാണത്തിന്റെ പരിശീലനത്തിനായി കൈമാറിയ ചെലവ് രേഖകൾ ഇല്ല |
| 13 | 576718/11.6.20 | 12,000/- | ടൗൺഹാൾ ബുക്കിങ്ങ് ഡെപ്പോസിറ്റ് റീ-ഫണ്ട് രേഖകൾ ഇല്ല |
| 14 | 576719/11.6.20 | 12,000/- | ടൗൺഹാൾ ബുക്കിങ്ങ് ഡെപ്പോസിറ്റ് റീ-ഫണ്ട് രേഖകൾ ഇല്ല |
| 15 | 576720/11.6.20 | 12,000/- | ടൗൺഹാൾ ബുക്കിങ്ങ് ഡെപ്പോസിറ്റ് റീ-ഫണ്ട് രേഖകൾ ഇല്ല |
| 16 | 576727/16.6.20 | 1,61,000/- | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സിലേക്ക് വൈദ്യുതി ബന്ധം സ്ഥാപിക്കുന്നതിനായി ചെലവഴിച്ച രേഖകൾ ഇല്ല. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 17 | 576746/30.6.20 | 19,425/- | KL-47 -F 6608 എന്ന വാഹനത്തിൽ ഇന്ധനം നിറച്ചതിന്റെ ചെലവ് രേഖകൾ ഇല്ല |
| 18 | 576746/30.6.20 | 6,033/- | ജനറേറ്ററിൽ ഇന്ധനം നിറച്ചതിന്റെ ചെലവ് രേഖകൾ ഇല്ല |
| | | 1840426 | |

മേൽ പ്രകാരമുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവഴിച്ച 18,40,426/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-62 സെക്രട്ടറിയുടെ ശമ്പളം സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. HRA -2% നഗരസഭയിൽ അടവാക്കിയിട്ടില്ല.

ജി.ഒ.(പി) നം.07/16/fin .Dt.20.01.16 പ്രകാരം ക്വാർട്ടേഴ്സ് ഉപയോഗിക്കുന്ന ജീവനക്കാർക്ക് HRA ലഭിക്കുന്നതിന് അർഹതയില്ല. മാത്രമല്ല 35700- 75600 സ്കെയിലിന് മുകളിൽ ശമ്പളം കൈപ്പറ്റുന്ന ഉദ്യോഗസ്ഥർ അടിസ്ഥാനശമ്പളത്തിന്റെ 2% നഗരസഭയിൽ അടവാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല .

സെക്രട്ടറി ശമ്പളയിനത്തിൽ കൈപ്പറ്റിയ തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. എന്നാൽ 20-21 സാമ്പത്തിക വർഷം സർക്കാരിലേക്ക് ഒരു തുകയും അടവാക്കിയിട്ടില്ല. സെക്രട്ടറി കൈപ്പറ്റിയ ശമ്പളത്തിനാനുപാതികമായ തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-63 വസ്തു നികുതി പരിഷ്കരണം -ഡിജിറ്റലൈസേഷൻ -ഡാറ്റാ എൻട്രി നടത്തുന്നതിന് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം -സർക്കാർ അനുമതി ലഭ്യമാക്കണം

വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിക്കുന്നതിന് വേണ്ടി 3 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുന്നതിന് 13.10.20. ലെ 1-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം തീരുമാനമെടുത്തിരുന്നു. ആയത് പ്രകാരം നിലവിൽ ഡാറ്റാ എൻട്രി ചെയ്തു കൊണ്ടിരിക്കുന്ന താത്ക്കാലിക ജീവനക്കാരെ 01.09.20 മുതൽ ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിയോഗിച്ചു. 18.05.20 ലെ 21(1) കൗൺസിൽ തീരുമാനപ്രകാരം 3 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുന്നതിന് അനുമതിക്കായി ബഹു.സർക്കാരിന് കത്ത് നൽകിയെങ്കിലും നഗരകാര്യ ഡയറക്ടറുടെ ഇ8-24507/2019/24.02.2021 ഉത്തരവ് പ്രകാരം 3 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ 3 മാസത്തേക്ക് നിയമിക്കുന്നതിന് അനുമതി ലഭിച്ചിരുന്നു.മേൽ വർക്കുമായി ബന്ധപ്പെട്ട് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ നിലവിലും ടി ജോലി ചെയ്തു വരുന്നു. നാളിതു വരെ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. പിന്നീട് തുടർ മാസങ്ങളിൽ ദിവസവേതനം നൽകുന്നതിന് അനുമതിക്കായി സർക്കാരിന് കത്ത് നൽകിയെങ്കിലും ഇ8-9900/21 തി.06.01.22 ലെ കത്ത് പ്രകാരം താത്ക്കാലികമായി നിയമിച്ചത് ഏതു തിയ്യതി മുതലാണെന്നും, ഏത് തിയ്യതി വരെ സേവന കാലാവധി ദീർഘിപ്പിച്ചു എന്നത് സംബന്ധിച്ചും, പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എത്ര സമയം വേണമെന്നത് സംബന്ധിച്ച വിശദവിവരം ആവശ്യപ്പെട്ടുകൊണ്ട് നഗരകാര്യ ഡയറക്ടർ കത്ത് ലഭ്യമാക്കിയിട്ടുണ്ട്. മൂന്ന് മാസത്തിന് മാത്രമാണ് സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുള്ളത്. പിന്നീടുള്ള കാലയളവിൽ അനുമതി ലഭിച്ചതായി കാണുന്നില്ല. സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-64 തൊഴിൽരഹിത വേതനം -അക്വിറ്റൻസ് ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല

തൊഴിൽരഹിത വേതനം ഇനത്തിൽ മേത്തല സോണൽ ഓഫീസ് മുഖേന വിതരണം ചെയ്ത തുകയുടെ അക്വിറ്റൻസ് ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. ബിൽ നം. 19/17.09.20 പ്രകാരം 27840/- രൂപ പിൻവലിച്ചതിൽ 13440/- രൂപ മേത്തല സോണൽ ഓഫീസ് വഴി വിതരണം നടത്തിയിട്ടുണ്ട്. അക്വിറ്റൻസ് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കാത്തതിനാൽ വിതരണം ചെയ്തതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. അക്വിറ്റൻസ് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-65 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല

വാർഡ് 12 ൽ താമാടിക്കുളത്തിലേക്ക് കാന നിർമാണം എന്ന പ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്ത 92.70M3 മണ്ണ് അളവുപുസ്തകം 140/20-21 പേജ് ഒന്നിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ മണ്ണിന്റെ വിനിയോഗ വിവരം രേഖപ്പെടുത്തിയിട്ടില്ല. പ്രൊജക്റ്റ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 187/21 |
| അടങ്കൽ – 11,15,300 | -ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 2,49,254/- – മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)- 8,66,046/- ------------- 11,15,300/- |
| കരാറുകാരൻ | ഇ.ജി.സിജിൽകുമാർ |
| ബിൽ സാങ്ഷൻ നം., തുക | 871/29/3/21, 578556 രൂപ |

മേൽ പ്രകാരം കുഴിച്ചെടുത്ത മണ്ണ് ലേലനടപടികൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എൻജിനീയർ ശുപാർശ ചെയ്യേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച 60/1/2/22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-66 നഗരസഭയ്ക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് നിയമവിരുദ്ധമായി ജി.എസ്.ടി നൽകി- 169701/-തടസ്സപ്പെടുത്തുന്നു

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയ്യതി 27/6/17പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) പ്രകാരവും നഗരസഭയുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് നഗരസഭകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. ("*(Pure Services (Excluding Works Contract Service OrAA Other Composite Supplies Involving Supply Of Any Goods ) Provided To The Central Government,State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution")* .ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (III) പ്രകാരം Minor Irrigation,water Management And Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു. അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റിൽ ജി.എസ്.ടി നല്കിയിട്ടുണ്ട്. ഫയൽ, എംബുക്ക് എന്നിവ പരിശോധിച്ചതിൽ തോടുകളിൽനിന്നും മണ്ണ് നീക്കം ചെയ്ത് ദൂരെ നിക്ഷേപിച്ച് തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവർത്തിയ്ക്ക് ജി.എസ്.ടി നൽകിക്കാണണന്നു.മുകളിൽ സൂചിപ്പിച്ച ഉത്തരവുകൾ പ്രകാരം പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട സേവന ലഭ്യതക്കാണ് കരാറുകാരന് കേന്ദ്ര ജി.എസ്.ടി,സംസ്ഥാന ജി.എസ്.ടി ഇുക ചേർത്ത് ബില്ല് നല്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം., പ്രവൃത്തി, അടങ്കൽ കരാറുകാരൻ | അളവുപുസ്തകം | പ്രവൃത്തി മൂല്യം | ജി.എസ്.റ്റി | ജി.എസ്.റ്റി ഉൾപെടെ ആകെ തുക | ബിൽ സാങ്ഷൻ നം | തുക |
|---|---|---|---|---|---|---|---|
| 1 | 491/21, വാർഡ് 21 ലെ തോട് വൃത്തിയാക്കൽ, 202000രൂപ , കെ.കെ.ഹനീഫ | 221/19-20 | 191425.50 | 9571.30 | 200997 | 218/22/6/20 | 200997 |
| 2 | 416/21, വാർഡ് 22 ലെ ടി, 250000രൂപ, കെ.കെ.ഹനീഫ | 222/19-20 | 228143 | 11407 | 239550 | 219/29/6/20 | 239550 |
| 3 | 496/21, വാർഡ് 31 ലെ കന്നംകുളം, കാതിക്കുളം, വടശ്ശേരി കോളനിയിലെ രണ്ട് കുളം ടി, 250000പി.എ.കാസിം | 232/,, | 236960 | 11848 | 248848 | 277/11/8/20 | 248848 |
| 4 | 498/21 വാർഡ് 20 ലെ ആനാപ്പുഴ കൃഷ്ണൻകോട്ട ടി, 410000 കെ.എസ്.സുധീഷ് | 223/,, | 366494.20 | 18324.70 | 384819 | 217/27/6/20 | 384819 |
| 5 | 485/21 വാർഡ് 29,30,31 ലെ മാങ്കുഴിത്തോട് കണ്ടേക്കാട് തോട് ടി,600000, കെ.പി.അങ്കുഷ് | 177/,, | 569837 | 28491.60 | 528324 | 187/18/5/20 | 528324 |
| 6 | 583/21 വിജയൻതോട് ടി,400000, കെ.എസ്.സുധീഷ് | 248/,, | 428404.78 | 20420.24 | 449825 | 281/3/8/20 | 449825 |
| 7 | 589/21,വാർഡ് 21 ലെ വിവിധ തോടുകൾ ടി ,400000 എം.എസ്.സച്ചിൽ | 249/,, | 37981.15 | 18959.10 | 398130 | 279/21/8/20 | 398140 |
| 8 | 490/21, കെ.കെ.ടി.എം.വെസ്റ്റ് തോട് ടി,200000, എം.എസ്. സച്ചിൽ | 209/,, | 189667.30 | 9483.40 | 199151 | 206/15/6/20 | 199151 |
| 9 | 491/21 വാർഡ് 20 ൽ ജെ.ടി. എസിന്റെ തെക്ക് ഭാഗത്ത് ടി,2500000,എം.എസ്.സച്ചിൽ | 210/,, | 235855.60 | 11792.80 | 247641 | 207/15/6/20 | 247648 |
| 10 | 500/21 വാർഡ് 10 തീരദേശ തോട് ടി, 50000,കെ.പി.അങ്കുഷ് | 233/,, ഹാജരാക്കിയില്ല | 47289.06 | 2364.45 | 49654 | 223/30/6/20 | 49654 |
| 11 | 566/21,കോട്ടപ്പുറം ജലപാത തോട് ടി,150000, | 239/,, | 141170.32 | 7058.52 | 148229 | 241/14/7/20 | 148229 |
| 12 | 502/21 മാണിമാക്കാം തോട് തട്ടിമുട്ടിപ്പാലം വരെ ടി ,400000 ഫയൽ ലഭ്യമാക്കിയിട്ടില്ല | ഫയൽ ലഭ്യമാക്കിയിട്ടില്ല | 235/,,379568.60 | 18979.40 | 398547 | ഫയൽ ലഭ്യമല്ല | ഫയൽ ലഭ്യമല്ല |
| ആകെ | | | | 169700.51 രൂപ | | | |

മേൽ വിവരിച്ച പ്രകാരം 1,69,701/-രൂപ( വികസന ഫണ്ട് ജനറൽ) മേൽപറഞ്ഞ പ്രവൃത്തികളുടെ

ജി.എസ്.റ്റി.അടക്കുന്നതിനായി സർക്കാർ ഉത്തരവിനനുസൃതമല്ലാത്തവിധം ചെലവഴിച്ചിട്ടുണ്ട്. മറ്റ് വികസനപ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കാമായിരുന്ന തുകയാണ് ഇപ്രകാരം വിനിയോഗിച്ച് കാണുന്നത്. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.73/2.2.22 )

## 1-67 സാധനസാമഗ്രികളുടെ ഗുണനിലവാരപരിശോധന നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല, റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയത് ആധികാരികമായ രീതിയിലല്ല

2012 ലെ കേരള പി.ഡബ്ളിയു.ഡി മാന്വൽ ഖണ്ഡിക 2214,GO(Rt)1339/15/PWD/10/9/15, നമ്പർ ഉത്തരവ് പ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ മാന്വൽ, സർക്കുലർ നമ്പർ 10434/C3/14/PWD/10/9/15 എന്നിവ അനുസരിച്ച് പതിനഞ്ച് ലക്ഷത്തിന് മേൽ അടങ്കലുള്ള പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം അവസരങ്ങളിൽ ബിൽ സമർപ്പിച്ചാലും ഉപയോഗിക്കുന്ന സാമഗ്രികളുടെ ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ടെസ്റ്റിങ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. എന്നാൽ 2150000 രൂപ അടങ്കലുള്ള കെ.കെ,വേലായുധൻ സ്മാരക വായനശാല ഒന്നാം നില നിർമാണം എന്ന പ്രവൃത്തിയിൽ കരാറുകാരൻ ഇപ്രകാരമുള്ള സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല.

പ്രൊജക്റ്റ് സംബന്ധിച്ച മറ്റ് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 537/21 |
| കരാറുകാരൻ | കെ.പി.അങ്കുഷ് |
| കരാർ | 129/19-20/24/3/20 |
| അളവുപുസ്തകം | 262/19-20,111/20-21,194/20-21,184/20-21 |
| ബിൽ സാങ്ഷൻ നം, തുക | 336/9/10/20 , 681739 രൂപ<br>295/27/8/20, 508105 രൂപ<br>371/17/1/22, 922042 രൂപ |
| പ്രവൃത്തി പൂർത്തീകരിച്ചത് | 27/7/21 |

ഈ പ്രവൃത്തിയുടെ ഇനം 9. 10 എന്നിവ പ്രകാരം യഥാക്രമം 44000.46 രൂപ, 29468.67 രൂപയുടെ സോളിഡ് ബ്ളോക്ക് മേസൺറി ചെയ്തിട്ടുണ്ട്.ഇതിന് IS-2185 പ്രകാരമുള്ള ഗുണനിലവാരം ഉണ്ടാകേണ്ടതാണ്. കൂടാതെ 62298.52 രൂപയുടെ സ്റ്റീൽ വർക്ക് ഇനം 15 പ്രകാരം ചെയ്തിട്ടുണ്ട്. ഇനം 24 പ്രകാരം 204.200 കി.ഗ്രാം അളവിൽ എം.എസ്.റൗണ്ട്/എം.എസ്.ഫ്ളാറ്റ് പ്രവൃത്തി ചെയ്തിട്ടുണ്ട്(പ്രവൃത്തിമൂല്യം 16540.20).

27/7/21 ന് പൂർത്തീകരിച്ച ഈ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സാങ്കേതിക അനുമതിക്കായി അയച്ചിരിക്കുന്നത് 2/12/21 നാണെങ്കിലും സാങ്കേതികാനുമതിക്കായി അയക്കുന്നതിന് മുമ്പുള്ള തീയ്യതിയിൽ അനുമതി ലഭിച്ചതായി കാണുന്നു-നമ്പർ-191618/2019-20(1)/17/11/21). പ്രവൃത്തി പൂർത്തീകരിച്ച ശേഷം മാത്രമാണ് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളത്.

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖണ്ഡിക 1601.1.6 അനുസരിച്ച് പ്രവൃത്തി പൂർത്തീകരിച്ച ശേഷമോ, പ്രവൃത്തിയിൽ വളരെയേറെ പുരോഗതി കൈവരിച്ച ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതിക്കായി നൽകുവാൻ പാടില്ല എന്ന് നിർദേശിക്കുന്നുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് (കൈ) 17/18/ത.സ്വ.ഭ.വ./ തിരുവനന്തപുരം *2/2/18* മാർഗരേഖയിലെ 3.8.2 (Vi) ഖണ്ഡിക അനുസരിച്ച് പ്രവൃത്തി പൂർത്തീകരിച്ച ശേഷമോ, നിർവഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായ ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുവാൻ പാടില്ല എന്നും നിർദേശിക്കുന്നുണ്ട്.

ഗുണനിലവാരപരിശോധന നടത്താത്തതിനും ആധികാരികമല്ലാത്തവിധം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.58/31/1/22 )

## 1-68 അസി.എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ പൊതു അപാകതകൾ താഴെ കൊടുക്കുന്നു.

1. 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ നിബന്ധനകൾ പ്രകാരമല്ല നഗരസഭയിൽ കരാർ ചമച്ചിട്ടുള്ളത്.

കാലഹരണപ്പെട്ട കേരള ഡിറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് കരാർ ചമച്ചിട്ടുള്ളത്.

2. കരാർ രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണവിവരം, കരാർ ദീർഘിപ്പിക്കൽ, അനുപൂരകകരാർ സുരക്ഷിതനിക്ഷേപം പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3. 2019-20 വർഷം അളവുപുസ്തകങ്ങൾ സൂക്ഷ്മപരിശോധന നടത്തുന്ന ഉദ്യോഗസ്ഥൻ ബിൽ പാസ്സാക്കിയതായി രേഖപ്പെടുത്തുകയോ, നിർവഹണോദ്യോഗസ്ഥൻ അളവുപുസ്തകത്തിൽ മെമ്മോറാൻഡം ഓഫ് പേയ്മെന്റ് രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല.

4. ട്രഷറി ബിൽ ബുക്കിൽ പ്രവൃത്തിയുടെ പേര് രേഖപ്പെടുത്തുന്നില്ല.

5. നോട്ട് ഫയലുകൾ എഴുതി പൂർണമാക്കിയിട്ടില്ല. ഉദാഹരണമായി പ്രൊജക്റ്റ് നമ്പർ 600/20 മേത്തല, ലോകമലേശ്വരം ഭാഗങ്ങിലെ അംഗണവാടികളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച പ്രവൃത്തിയിൽ വർക്ക് ഓർഡർ പുറപ്പെടുവിക്കുന്ന വിവരം വരെ മാത്രമേ എഴുതി സൂക്ഷിച്ചിട്ടുള്ളൂ. കരാറുകാരന് തുക നൽകിയതിന്റെ വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

6.റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചതിന്റെ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി മേൽപറഞ്ഞ പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം മാത്രമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ നിബന്ധനയനുസരിച്ച് പ്രവൃത്തി വളരെധികം പുരോഗമിച്ച ശേഷമോ, പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷമോ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടുള്ളതല്ല. മുൻകൂട്ടി കാണാൻകഴിയാത്ത സംഗതികളിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയ ശേഷമേ പ്രവൃത്തി പുനരാരംഭിക്കുവാൻ പാടുള്ളൂ.

7.പ്രവൃത്തിഫയലുകളോടൊപ്പം മോണിറ്ററിങ് റിപ്പോർട്ട് ഉള്ളടക്കം ചെയ്ത് സൂക്ഷിച്ചിട്ടില്ല.

മേൽപറഞ്ഞ അപാകതകൾ സംഭവിക്കാനുണ്ടായതിന്റെ കാരണം വ്യക്തമാക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതെ ഭാവിയിൽ കുറ്റമറ്റ രീതിയിൽ പ്രവൃത്തിനിർവഹണം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-69 ആശ്രയ-അഗതി രഹിത കേരളം പദ്ധതി -പ്ലാൻ ഫണ്ട് ചെലവഴിക്കാതെ ബാങ്ക്അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രൊജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ
ഫയൽ നം. PH3 - 4025/11
പ്രൊജക്റ്റ് നം. SO 441/ 20 ആശ്രയ പദ്ധതി
ചെലവ് : 1300000 ,Vr.No:21900829/17.4.19
പ്രൊജക്റ്റ് നം. 33/ 21 ആശ്രയ പദ്ധതി
ചെലവ് : 800000,Vr.No:22001830/11.11.20

1.2019 – 20, 2020 - 21 വർഷങ്ങളിലെ ആകെ ആശ്രയ പ്രൊജക്ടുതുക 21 ലക്ഷം രൂപ നഗരസഭയിൽ ആശ്രയ പദ്ധതിക്കായി ആരംഭിച്ച അഗതി രഹിത കേരളം അക്കൗണ്ടി [A/c No.6726225213, ഇൻഡ്യൻ ബാങ്ക് കൊടുങ്ങല്ലൂർ ബ്രാഞ്ച്] ലേക്ക് കൈമാറുകയാണ് ചെയ്തിട്ടുള്ളത്. 10.2.2019 ലെ 23-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അഗതി കേരളം പദ്ധതി പ്രകാരമുള്ള 174 അംഗങ്ങൾ ഉൾപ്പെട്ട ഫൈനൽ ലിസ്റ്റും അതുപ്രകാരമുള്ള ഫൈനൽ ഡി പി ആറും കൗൺസിൽ അംഗീകരിച്ചു. മൂന്നു വർഷത്തേക്ക് വിഭാവനം ചെയ്ത പദ്ധതിയുടെ ഫണ്ട് വൈസ് റിപ്പോർട്ട് പ്രകാരം മൊത്തം തുക 10657000 രൂപയാണ്. പ്രധാനമായും ചലഞ്ച് ഫണ്ടും [4000000രൂപ] പ്ലാൻ ഫണ്ടും [ 6388500രൂപ] ഇതിൽ ഉൾപ്പെടുന്നു. മേൽ തുക ഭക്ഷണം, വസ്ത്രം, മരുന്ന്, ശുദ്ധജലം, ടോയ്ലറ്റ്, ഭവന പുനരുദ്ധാരണം ഉടങ്ങിയ ക്ലേശ ഘടകങ്ങൾക്കായാണ് വകയിരുത്തിയത്.
2019 ൽ ആരംഭിച്ച പദ്ധതി 2022 ൽ അവസാനിക്കേണ്ടതാണ്. കുടുംബശ്രീയിൽ സൂക്ഷിക്കുന്ന ആശ്രയ ഫയലുകൾ, രജിസ്റ്റർ, പാസ്സ് ബുക്ക്, കാഷ് ബുക്ക് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയതിൽ നിന്നും ഭക്ഷ്യക്കിറ്റ് വിതരണം മാത്രമാണ് ഓഡിറ്റ് വർഷങ്ങളിൽ നടന്നിട്ടുള്ളത് എന്നു വ്യക്തമാകുന്നു. പദ്ധതി നിർവ്വഹണത്തിൽ കാര്യക്ഷമത കാണുന്നില്ല. കാഷ് ബുക്ക് പ്രകാരം 31.3.21 വരെ 3,75,849/- രൂപ മാത്രമാണ് പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചതായി കാണിച്ചിരിക്കുന്നത്. 31.3.21 ൽ 22,03,272/- രൂപ അഗതി രഹിത കേരളം അക്കൗണ്ടിൽ അവശേഷിക്കുന്നു. 174 ഗുണഭോക്താക്കളുടെ ഭക്ഷണ ഇതര ക്ലേശഘടകങ്ങൾ പരിഹരിക്കാൻ പ്രൊജക്ടുകൾ ആവിഷ്കരിച്ച് നിർവ്വഹണം നടത്തിയിട്ടില്ല. സമൂഹത്തിൽ ഏറ്റവും അവശത അനുഭവിക്കുന്ന വിഭാഗത്തിന്റെ ആവശ്യങ്ങൾക്ക് നഗരസഭ പ്രഥമ പരിഗണന നൽകേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2. 12.4.2006 ലെ ധനവിനിയോഗമാർഗ്ഗരേഖ ജി. ഒ പി നം. 177/2006 ഫിൻ തിയതി 12.4.2006 നിർദ്ദേശം 6.1 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ലാത്തതാണ്. കാഷ്ബുക്ക് പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും കൈമാറിയ 21 ലക്ഷത്തിൽ 8,79,780/- രൂപ മാത്രമാണ് 31.12.2021 വരെ ചെലവഴിക്കാനായത്. ഡി പി ആർ പ്രകാരമുള്ള കാലപരിധിക്കുള്ളിൽ പ്രൊജക്ടുകൾ ആവിഷ്കരിച്ച് നിർവ്വഹണം നടത്തി തുക ചെലവഴിക്കാൻ കഴിയുന്നില്ലെങ്കിൽ വിനിയോഗിക്കാത്ത പ്ലാൻ ഫണ്ട് സഞ്ചിത നിധിയിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.
അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നം. 62 / 1.1.2022 നുള്ള മറുപടി യിൽ പദ്ധതി നിർവ്വഹണത്തിന് ലഭ്യമാകുന്ന ചലഞ്ച് ഫണ്ടിന്റെ കുറവു മൂലം ആയത് നികത്തുന്നതിനായി ബാക്കി തുക പ്ലാൻ ഫണ്ടിൽ നിന്നുമാണ് ഉപയോഗിച്ച

വരുന്നത് എന്നറിയിച്ചു. ആശ്രയ അഗതി രഹിത കേരളം മാർഗ്ഗരേഖാ നിർദ്ദേശാനുസരണ പദ്ധതി കാര്യക്ഷമമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-70 ബിറ്റുമിൻ ഇമൽഷനുകൾ എന്നിവ അനുവദിച്ച കരാറുകാരൻ പ്രവൃത്തി നിർവഹിച്ചില്ല, ഫയലുകൾ ഹാജരാക്കിയിട്ടില്ല-നിലവിലെ മാർക്കറ്റ് വില ഈടാക്കേണ്ടതും ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്

18/10/19 ലെ 11(2) നമ്പർ കൗൺസിൽ തീരുമാനത്തിൽ 2018-19 കാലയളവിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തിരുന്ന ശ്യാംകുമാർ.എ. എന്ന കരാറുകാരൻ പ്രവൃത്തികൾ പൂർത്തിയാക്കാത്തതിനാൽ ടിയാനെ ഒഴിവാക്കുവാനും പകരം സംവിധാനം ഏർപ്പെടുത്തുവാൻ മുൻസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തിയെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ പേജ് 36.37.38,39 എന്നിവ പ്രകാരം ടിയാന് ബിറ്റുമിൻ, ഇമൽഷനുകൾ എന്നിവ അനുവദിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു. ബിറ്റുമിൻ അനുവദിച്ച തീയ്യതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| പ്രവൃത്തി | എസ്.എസ്.വൺ ഇമൽഷൻ | ആർ.എസ്.വൺ ഇമൽഷൻ | ബിറ്റുമിൻ VG 30 |
|---|---|---|---|
| വാർഡ് 42 ലെ കാരൂർ നഗർ റസിഡൻസി റോഡ് റീടാറിങ് | - | 600 KG | 4680 KG |
| വാർഡ് 28 ലെ സയൻസ് സെന്റർ സൈഡ് റോഡ് ,, | 182KG | 200 KG | 468 KG |
| കോളനി റോഡ് പി.എസ്.റോഡ് ഗുരുദേവ റോഡ് ആക്കപ്പറമ്പ് റോഡ് ,, | - | 600 KG | 4836 KG |
| വാർഡ് 42 ലെ ആലച്ചുംപറമ്പ് റോഡ് ,, | - | 600 KG | 4992 KG |
| ആകെ | 182KG | 2000 KG | 14976 KG |

പ്രവൃത്തി ചെയ്യാത്ത കരാറുകാരന് അനുവദിച്ച ബിറ്റുമിൻ ഇമൽഷനുകൾ എന്നിവയുടെ നിലവിലുള്ള കമ്പോളവില കരാറുകാരനിൽനിന്നും ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

റോഡ് സംരക്ഷണ പ്രവൃത്തികൾ സമയബന്ധിതമായി ചെയ്യാത്തപക്ഷം റോഡുകൾക്ക് കൂടുതൽ തകരാറുകൾ സംഭവിക്കുകയും അവ പരിഹരിക്കുന്നതിന് കൂടുതൽ തുക ചെലവഴിക്കേണ്ടി വരുന്നതാണ്. ഇത് നഗരസഭക്ക് അധികബാധ്യത വരുത്തി വെക്കുന്നതാണ്.കരാറുകാൻ വീഴ്ച വരുത്തിയ പ്രവൃത്തികൾ സംബന്ധിച്ചുള്ള ഫയലുകൾ 10/20/1/22 നമ്പർ ആയി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ലഭ്യമാക്കിയിട്ടില്ല.

മേൽ പ്രവൃത്തികൾ മറ്റ് കരാറുകാരെ വെച്ച് ചെയ്യുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നുള്ള വിവരം അറിയിക്കേണ്ടതാണ്. ഇതിനായി കൂടുതൽ തുക ചെലവഴിക്കേണ്ടിവരുന്ന പക്ഷം ആയത് വീഴ്ച വരുത്തിയ കരാറുകാരനിൽ നിന്ന് ഈടാക്കുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. ബിറ്റുമിൻ, ഇമൽഷനുകൾ എന്നിവ അനുവദിച്ചത് സംബന്ധിച്ച് 73/2/2/22 നമ്പർ ആയി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കരാറുകാരനെ കരിമ്പട്ടികയിൽപെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-71 സയൻസ് പാർക്ക് -ഡി.പി.ആർ തയ്യാറാക്കാൻ തുക അനുവദിച്ചത് -അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – നഗരസഭാ എഞ്ചിനീയർ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 711/20, 418/21 |
| അടങ്കൽ, ഫണ്ട് | 10,00,000/- വികസനഫണ്ട് (ജനറൽ) |
| ബിൽ സാങ്ഷൻ നം, വൗച്ചർ നമ്പർ, തുക | 1/11/ 4/20 250000/-<br>372/1-21/25/1/21, 18000044/20/10/20, 750000 |
| ആകെ ചെലവ് | 1180000 |

അപാകതകൾ

1. ബഹു. കൊടുങ്ങല്ലൂർ നിയമസഭാംഗം ശ്രീ.വി.ആർ സുനിൽകുമാറിന്റെ 5/11/18 ലെ കത്തിൽ 2018-19 ലെ ബജറ്റിൽ നഗരസഭാപ്രദേശത്ത് സയൻസ് സെന്റർ (സയൻസ് മ്യൂസിയം ) തുടങ്ങുന്നതിനായി മൂന്ന് കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് അറിയിച്ചത് പ്രകാരമാണ് പ്രൊജക്ട് ആവിഷ്കരിച്ചത്. സയൻസ് പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള സ്ഥലത്തിന്റെ സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സ്ട്രക്ചറൽ, ആർകിടെക്ചറൽ ഡ്രോയിങ് എസ്റ്റിമേറ്റ്, മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനായി തൃശ്ശൂർ ഗവ.എൻജിനീയറിങ് കോളേജ് വിഭാഗത്തിനാണ് മേൽക്കാണിച്ച പ്രകാരം തുക അനുവദിച്ചത്. എന്നാൽ ഈ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. ജി.എസ്.റ്റി. നൽകുന്നതിന് വേണ്ടിയാണ് പദ്ധതിഫണ്ടിന് പുറമേ 180000 രൂപ തനത് ഫണ്ട് ചെലവിട്ടത്. എന്നാൽ ഈ ചെലവിനനുസൃതമായി പ്രൊജക്റ്റ് ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ 60/1/2/22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഡി.പി.ആർ സംബന്ധിച്ച രേഖകൾ പി.ഡബ്ളിയു.ഡിക്ക് നൽകിയിരിക്കുകയാണെന്നും അവരാണ് പ്രസ്തുത പ്രൊജക്റ്റ് നടപ്പാക്കുന്നതെന്നുമാണ്. മറ്റ് പ്രവർത്തനങ്ങളൊന്നും തുടങ്ങിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

മേൽപറഞ്ഞ രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ തൻ വർഷത്തിൽ ചെലവഴിച്ച 11,80,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-72 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണം - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജ്ജൻ
പദ്ധതി നം 20/21

ഫണ്ട് – വികസന ഫണ്ട് അടങ്കൽ – 512500/-

ചെലവ്- 512500/-

2020-21 സാമ്പത്തിക വർഷത്തിൽ കന്നുകുട്ടികൾക്ക് കാലിത്തീറ്റപദ്ധതിയ്ക്കായി 5,12,500/-രൂപ എസ് എൽ ബി യ്ക്ക് മേൽ നം ബിൽ പ്രകാരം നൽകിയിട്ടുണ്ട്.
ട്രഷറി ബിൽ നം. –5/20.02.21

പദ്ധതിയിൽ പങ്കാളികളായവരുടെ പേരുവിവരം ഉൾപ്പെടുത്തിയ കൊടുങ്ങല്ലൂർ സൊസൈറ്റിയുടെ നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്നവർ അതത് തിയ്യതി മുതൽ കാലിത്തീറ്റ വാങ്ങുന്നതായി കാണുന്നില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | തിയ്യതി |
|---|---|---|
| 1 | വർഗ്ഗീസ് തെക്കാനത്ത് | 27.8.20 മുതൽ |
| 2 | ഗോപിനാഥ് അനാട്ട് | 30.1.21മുതൽ |
| 3 | ചന്ദ്രൻ അൻകുരുത്തി | 22-3-21 മുതൽ |
| 4 | ചന്ദ്രശേഖരൻ അബനരുത്തി | 22.3.21മുതൽ |
| 5 | മോഹനൻ തേവാലൻ | 22.2.21 മുതൽ |
| 6 | ദിവാകരൻ മുല്ലശ്ശേരി | 27.8.20 ന് മാത്രം |
| 7 | പ്രതീഷ് ചിറ്റേഴത്ത് | 22.11.21മുതൽ |
| 8 | ശിവദാസൻ ചെമ്മാലി | 22.11.21 മുതൽ |
| 9 | രാമകൃഷ്ണൻ തയ്യിൽ | 25.9.20 മുതൽ |
| 10 | ഗോപാലകൃഷ്ണൻ തട്ടാനിപറമ്പിൽ | 25.9.20 മുതൽ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (40/28.1.2022) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കൾ പങ്കാളിയായി തുടരാത്തപക്ഷം അനുവദിച്ച സബ്സിഡി ബാക്കി നിൽക്കുന്നത് തിരിച്ചടവാക്കേണ്ടതുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് എസ് എൽ ബി യിൽ നിന്നും പദ്ധതി പൂർത്തീകരണത്തിന്റെ വിശദാംശവും, മേൽ പദ്ധതിയിൽ നിന്നും ഒഴിവായിട്ടുള്ള ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതത്തിലെ ശേഷിക്കുന്ന തുക സർക്കാരിലേക്ക് അടവാക്കിയതിന്റെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-73 കൈപ്പറ്റ് രസീത്, തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല-1000000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ
പ്രോജക്റ്റ്:27/21-വയോമിത്രം
വികസനഫണ്ട് അടങ്കൽ തുക :10,00,000/-
ചെലവ് :10,00,000/-
Vr.No:22001655/14.10.2020/10,00,000
കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയ മേൽ തുകയുടെ ഔദ്യോഗിക കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതു വരെ 10,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
[ഓഡിറ്റ് എൻക്വയറി നം.26 25.1.2022 നുള്ള മറുപടിയിൽ ധനവിനിയോഗ സാക്ഷ്യപത്രത്തിന് അപേക്ഷിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. കൈപ്പറ്റ് രസീതിനു പകരം UTR സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയതിൽ UTR No. വന്നിട്ടില്ല. ആയതിനാൽ ഓഡിറ്റ്, ടി രേഖ അംഗീകരിക്കുന്നില്ല.]

## 1-74 സോളിഡ് വേസ്റ്റ് മാനേജ്മെന്റ് - DPR തയ്യാറാക്കിയ വകയിൽ SEUF നുള്ള ഹോണറേറിയം-അപാകതകൾ;തൻ വർഷത്തെ ചെലവു തുക 71990 രൂപ തടസ്സത്തിൽ വെയ്ക്കുന്നു

പ്രൊജക്റ്റ് നം SO: 470/ 21
നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ
സോളിഡ് വേസ്റ്റ് മാനേജ്മെന്റ് - DPR തയ്യാറാക്കിയ വകയിൽ SEUF നള്ള ഹോണറേറിയം
ഫയൽ നം : PHI - 15190 / 17
കേസ് ഫയൽ നം : A 2- 1863 / 18
DPR തയ്യാറാക്കിയ വകയിൽ SEUF ന കൈമാറിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.
Vr No:21900791/3.7.19 തുക:120080[Proj.No:148/20]
ചെക്ക് നം:000375/25.7.19 തുക:167881
Vr.No:22001790/11.11.20 തുക:30019[Proj.No:470/21]
ചെക്ക് നം:000394/8.9.20 തുക:41971[Proj.No:470/21]
SEUF ന് ടെണ്ടർ മുഖേന പ്രസ്തുത പ്രവൃത്തി ഏൽപ്പിച്ചതിനെ തുടർന്ന് ടെണ്ടറിൽ പങ്കെടുത്ത രാം ബയോളജിക്കൽസ് എന്ന സ്ഥാപനം ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തത് ഇപ്പോഴും കോടതിയുടെ പരിഗണനയിലാണെന്നും, ഇതു സംബന്ധിച്ച WP [C] - 4776/ 2018 കേസിൽ നഗരസഭ 23.3.2018 ൽ ഡിറ്റെയിൽഡ് കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുള്ളതായും കേസ് പെൻസിംഗ് സ്റ്റാറ്റസ് ആണെന്നും നഗരസഭ കേസ് സെക്ഷൻ മറുപടി ലഭ്യമാക്കി.
ഹെൽത്ത് ഓഫീസറുടെ ഫയൽ പൂർണ്ണമാക്കി സൂക്ഷിച്ചിരുന്നില്ല. ഓഡിറ്റ് എൻക്വയറി 69/1.2.22 നൽകിയതിനെ തുടർന്ന് SEUF മായുള്ള കരാർ പത്രികയുടെ പകർപ്പ് ലഭ്യമാക്കി. കരാർ തിയതി : 22.2.2018. കരാർ വ്യവസ്ഥ 16 ൽ പദ്ധതി തുകയുടെ 0.74 ശതമാനം തുക തവണകളായി നൽകണമെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. വ്യവസ്ഥ 17 പ്രകാരം SEUF നൽകുന്ന ഇൻവോയ്സ് പ്രകാരമായിരിക്കണം നഗരസഭ തുക ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറേണ്ടത്.
മേൽ വ്യവസ്ഥകൾ പാലിച്ചാണ് തുക കൈമാറിയത് എന്നു ബോധ്യപ്പെടാനാവശ്യമായ രേഖകൾ ലഭ്യമാക്കിയ ഫയലിൽ ഉൾചേർത്തിരുന്നില്ല.
SEUF നൽകിയ ഒറിജിനൽ ടാക്സ് ഇൻ വോയ്സുകൾ, കൈപ്പറ്റ രസീത് ഇവ ലഭ്യമായില്ല. കരാർ പത്രികയുടെ പകർപ്പ് പരിശോധിച്ചതിൽ നഗരസഭ സെക്രട്ടറി ഒപ്പു വെച്ചിട്ടില്ല. [പേജ് 7]. സാക്ഷികളായി ആരും ഒപ്പു വെച്ചിട്ടില്ല. കോടതി പരിഗണനയിലുള്ള ഫയലും അനുബന്ധ രേഖകളും പൂർണ്ണമാക്കി കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്.
മേൽ സൂചിപ്പിച്ച അപാകതകൾക്ക് ഫയൽ/ രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതു വരെ തൻ വർഷത്തെ ചെലവു തുക 71,990/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-75 ഫയൽ ലഭ്യമാക്കിയില്ല;10,83,040 രൂപയുടെ ചെലവുതുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ
പ്രൊജക്റ്റ് നം: 649 / 21, ടി.കെ.എസ് പുരം വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റിലേക്ക് മെഷിനറിയും മറ്റ് ഉപകരണങ്ങളും വാങ്ങൽ.
ഫയൽ നം:PH2-15046/20
പ്രൊജക്റ്റ് ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചെലവിന്റെ സാധുത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
2020-21 സുലേഖ പത്രിക പ്രകാരം ചെലവു വിശദാംശം

| ഫണ്ട് അടങ്കൽ തുക | ചെലവു തുക |
|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ട്:5,51,250 | 2,44,313 |
| സംസ്ഥാനാ വിഷ്കൃത ഫണ്ട് : 3,66,975 | 3,66,975 |
| മറ്റുള്ളവ:6,56,775 | 6,56,775 |
| ആകെ അടങ്കൽ തുക: 15,75,000 | ആകെ ചെലവ് :12,68,063 |

യഥാർത്ഥ ചെലവ് 10,83,040/- രൂപ മാത്രമാണെന്നും സുലേഖ സ്റ്റേറ്റ്മെന്റിൽ തുക എന്റർ ചെയ്യുന്നതിൽ വന്ന സാങ്കേതിക പിഴവുമൂലമാണ് ആകെ ചെലവു തുക 12,68,063 രൂപ ആയതെന്നും സെക്ഷൻ അറിയിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| ട്രഷറി ബിൽ നം./ ചെക്ക് നം / തീയതി. | ചെലവു തുക |
|---|---|
| Urban Aglomeration Fund: 99616 / 6.3.21 | 6,56,775/- |
| SBM [Rural] Cheque No: 000415 / 9.3.21 | 43,225/- |
| SBM—16065<br>SuchitwaMission Fund—366975 Cheque No: 000417 / 25.3.21 | 3,83,040/- |
| | 10,83,040/- |

[സുലേഖ പത്രിക ആകെ ചെലവു തുകയിൽ ഉൾപ്പെടുന്ന 185023 രൂപ 2021-22 ൽ Cheque No: 000431 / 14.2.22 പ്രകാരമാണ് ചെലവായതെന്ന് സെക്ഷൻ അറിയിച്ചിട്ടുണ്ട്]. ഓഡിറ്റ് എൻക്വയറി[നം. 61/1.2.22 ] ക്ക് മറുപടി ലഭ്യമാക്കിയില്ല.
മേൽ അപാകതകൾക്ക് ഫയൽ സഹിതം മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ തൻവർഷത്തെ യഥാർത്ഥ ചെലവുതുക 10,83,040/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പട്ടികജാതി വനിതകൾക്ക് സ്വയംതൊഴിൽ സംരംഭത്തിന് ഇരുചക്രവാഹനം -തുക അധികം നൽകി

പ്രോജക്റ്റ് നം. -154/21

നിർവ്വഹണോദ്യോഗസ്ഥൻ -വ്യവസായ വികസന ഓഫീസർ

ബിൽ നം. തി. 01/17.02.21-42,770/- (വൗച്ചർ നം.22002406/09.02.21)
ബിൽ നം. തി.02/20.03.21-46,724/- (വൗച്ചർ നം.22002545/18.03.21)

മേൽ പ്രോജക്റ്റ് പ്രകാരം 2 ഗുണഭോക്താക്കൾക്ക് തൻവർഷം സ്വയംതൊഴിൽ സംരംഭത്തിന് ഇരുചക്രവാഹനം വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.4.9 പ്രകാരം വാഹനവിലയുടെ 50% ആണ് സബ്സിഡിയായി നൽകേണ്ടത്. എന്നാൽ ഇതിനു വിരുദ്ധമായി സബ്സിഡി നൽകിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഇൻവോയ്സ് നം. തി | വാഹന വില | നൽകിയ തുക | അർഹമായ തുക | അധികം |
|---|---|---|---|---|---|---|
| 1 | ചിഞ്ചു.സി.സി.<br>ചക്കമ്പി വീട്<br>വയലാർ,കൊടുങ്ങല്ലൂർ | അറക്കത്തറ ട്രാൻസ്പോർട്ട് സർവ്വീസസ്<br>എറണാംകുളം.<br>KL1000022vo1509/01.02.21 | 72492 | 42770 | 36246 | 6524 |
| 2 | ശ്രീദേവി.പി.ജി.<br>പാച്ചാംപിള്ളി ഹൗസ്<br>കോട്ടപ്പുറം | ജോസ് ഓട്ടോമോബൈൽസ്,<br>കുർക്കഞ്ചേരി<br>V571/12.03.21 | 79894 | 46724 | 39947 | 6777 |

മേൽ പ്രകാരം അധികം നൽകിയ തുക ഈടാക്കി അടവാക്കേണ്ടതാണ്. അധികം നൽകിയ തുക-13,301/- ഓഡിറ്റിൽ നിരാകരിക്കുന്നു.
56/31.01.22 പ്രകാരം എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറിബിൽ നമ്പർ/ തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | പ്രോജക്റ്റ് നം. 328 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ലൈൻ | | 999844 | 999844 | 0 |

| | | | | | |
|---|---|---|---|---|---|
| | ദീർഘിപ്പിക്കൽ | | | | |
| KWA | 424 | | 51000 | 51000 | 0 |
| KSEB | 399 | | 93147 | 93147 | 0 |

മേൽ പറഞ്ഞ പ്രകാരം ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന ഡെപ്പോസിറ്റ് തുകകൾ വാർഷിക കണക്കിന്റെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്

ഇല്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

| പേര്, ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻ വർഷം തിരിച്ചടച്ച തു | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പി.എം.എ.വൈ | | 0 | 5000000 | 5000000 | 111670 | NIL |
| ഭവന പദ്ധതി, HUDCO | G.O.(MS)No.68/2018/ LSGD/ 18.05.2018 | 43000000 | 126520000 | 14093333- | - | 15526667 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഒടുക്കിയആളുടെ പേരുവിവരം | രസീത് നം.,തിയതി | തുക |
|---|---|---|---|---|
| 2000-01 | 2-11(1) | പി എൻ വിനയചന്ദ്രൻ, ഡ്രൈവർ | 01/120010112717 /16.11.2020 | 1500 പിഴപലിശ-3780 |
| 2012-13 | 3-34 | ഷാലു.പി.വി, AE | 01/120010 M6 258/23.12.20 | 3454 (പിഴ പലിശ 17303) |
| 2012-13 | 3-34 | ടി.പി.രമേഷ്, AE | 01/120010118780 /29.01.21 | 2311 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

വിവരങ്ങൾ നഗരസഭ ലഭ്യമാക്കിയിട്ടില്ല.

## 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45,05,68,923 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43,26,27,389 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം, ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13,301/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 60,12,675/- |

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 3-1 | - | 13,301/- | ശ്രീ.സതീഷ്.ഇ.കെ, വ്യവസായ വികസന ഓഫീസർ |
| | | 13,301/- | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | | | |
|---|---|---|---|---|---|
| 1-44 | 5,50,000 | ടി.കെ.സുജിത്ത്, മുനിസിപ്പൽ സെക്രട്ടറി | | | |
| 1-45 | 1,17,518 | ശ്രീമതി.സിമിമോൾ.എൽ, കൃഷി ഫീൽഡ് ഓഫീസർ | | | |
| 1-61 | 18,40,426 | ശ്രീ.ടി.കെ.സുജിത്ത്, മുനിസിപ്പൽ സെക്രട്ടറി ” | | | |
| 1-66 | 1,69,701 | ശ്രീ.സി.എസ്.പ്രകാശൻ , മുനിസിപ്പൽ എഞ്ചിനീയർ | | | |
| 1-71 | 11,80,000 | ശ്രീ.സി.എസ്.പ്രകാശൻ , മുനിസിപ്പൽ എഞ്ചിനീയർ | 1-73 | 10,00,000/- | ശ്രീമതി.ശിഖ മർവിൻ ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-74 | 71,990 /- | ശ്രീ.കെ.വി.ഗോപാലകൃഷ്ണൻ ഹെൽത്ത് സൂപ്പർവൈസർ /പ്രൊജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | | | |
| 1-75 | 10,83,040 | ശ്രീ.കെ.വി.ഗോപാലകൃഷ്ണൻ ഹെൽത്ത് സൂപ്പർവൈസർ /പ്രൊജക്ട് ഓഫീസർ , നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | | | |
| | 60,12,675 | | | | |

(ഡി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള നഷ്ടോത്തരവാദികളുടെ/തടസ്സപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ സ്ഥിരം മേൽവിലാസം

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | വിലാസം |
|---|---|
| ശ്രീ.സതീഷ്.ഇ.കെ, വ്യവസായ വികസന ഓഫീസർ | കിഴിയേടത്ത് വീട്, മാത്തുംപടി.പി.ഒ, തൃശ്ശൂർ |

| റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള തടസ്സത്തിനുത്തരവാദിയായവരുടെ സ്ഥിരം മേൽവിലാസം | |
|---|---|
| ശ്രീ.ടി.കെ.സുജിത്ത്, സെക്രട്ടറി | S/O കൊച്ചു, തൈപ്പറമ്പിൽ ഹൗസ്, എസ്.എൽ.പുരം.പി.ഒ, ചേർത്തല (SN കോളേജിന് സമീപം) കഞ്ഞിക്കുഴി |
| ശ്രീമതി.സിമിമോൾ.എൽ, കൃഷി ഓഫീസർ | കളത്തിപറമ്പിൽ ഹൗസ്, വടക്കുംപുറം ചേന്ദമംഗലം |
| ശ്രീ.സി.എസ്.പ്രകാശൻ, മുനിസിപ്പൽ എഞ്ചിനീയർ | ചെന്ത്രാപ്പി ഹൗസ്, കൊടുങ്ങല്ലൂർ.പി.ഒ, 680664 |
| ശ്രീമതി ശിഖ മർവിൻ ഐ.സി.ഡി.എസ് സൂപ്പർവൈസർ | കവലപ്പറമ്പിൽ ഹൗസ്, മന്ദ റോഡ്, പടിയൂർ.പി.ഒ, തൃശ്ശൂർ |
| ശ്രീ.ഗോപാലകൃഷ്ണൻ, പ്രൊജക്ട് ഓഫീസർ | കുപ്പിക്കാട്ടിൽ ഹൗസ്, ആമ്പല്ലൂർ, നോർത്ത് പറവൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 96-97 ചെലവ് | എൽ.എഫ്. ടി 4-1036/97 തിയ്യതി 06.03.08. |
| 97-98 ചെലവ് | എൽ.എഫ്. ടി 4-1284/99 തിയ്യതി15.02.99. |
| 98-99 ചെലവ് | എൽ.എഫ്. ടി 4-1133/01തിയ്യതി.13.12.01/ 11.6.02. |
| 99-2000 ചെലവ് | എൽ.എഫ്. ടി 4-609/02തിയ്യതി20.09.02. |
| 2000-01 ചെലവ് | എൽ.എഫ്. ടി 4-1468/04തിയ്യതി14.12.04. |
| 2001-02 ചെലവ് | എൽ.എഫ്. ടി 4-1120/05തിയ്യതി09.1.06./21.07.06. |
| 91-92 95-96 വരവ് ചെലവ് | എൽ.എഫ്. ടി 4-1092/09തിയ്യതി23.04.10. |
| 96-97 വരവ് | എൽ.എഫ്. ടി 4-1086/09തിയ്യതി18.05.10. |
| 97-98 വരവ് | എൽ.എഫ്. ടി 4-1087/09തിയ്യതി18.05.10 |
| 98-99 വരവ് | എൽ.എഫ്. ടി 4-1088/09തിയ്യതി18.05.10 |
| 99-2000 വരവ് | എൽ.എഫ്. ടി 4-1089/09തിയ്യതി18.05.10 |
| 2000-01 വരവ് | എൽ.എഫ്. ടി 4-1090/09തിയ്യതി18.05.10. |
| 2001-02 വരവ് | എൽ.എഫ്. ടി 4-1091/09തിയ്യതി19.05.10. |
| 2002-03 വരവ് ചെലവ് | എൽ.എഫ്. ടി 4-1095/09തിയ്യതി05.06.10. |
| 2003-04 വരവ് ചെലവ് | എൽ.എഫ്.ടി4-1395/10തിയ്യതി30.5.11/24.10.11 |
| 2004-05 വരവ് ചെലവ് | എൽ.എഫ്. ടി 4-1396/10തിയ്യതി27.10.11/7.1.12. |
| 2005-06 വരവ് ചെലവ് | എൽ.എഫ്.ടി 4-1397/10തിയ്യതി29.10.11/7.1.12 |
| 2006-07 വരവ് ചെലവ് | എൽ.എഫ്. ടി 4-1398/10തിയ്യതി28.10.11/21.03.12. |
| 2007-08 വരവ് ചെലവ് | എൽ.എഫ്. ടി 4-1399/10തിയ്യതി29.10.11/21.03.12. |
| 2008-09 | എൽ.എഫ്.ടി.എം.2608/11തിയ്യതി24.2.12./31.5.12. |
| 2009-10 | എൽ.എഫ്. ടി .എം. 2609/11തിയ്യതി7.4.12/2.7.12. |
| 2010-11 | എൽ.എഫ്.ടി.എം.36/12തിയ്യതി17.4.12./5.7.12. |
| 2011-12 | എൽ.എഫ്. ടി.എം.2118/13തിയ്യതി14.5.14./17.9.14. |
| 2012-13 | എൽ.എഫ്. ടി .എം. 1776/14തിയ്യതി3.6.15. |
| 2013-14 | കെ.എസ്.എ ടി.എസ്.ആർ (എം) 1414/15 തിയതി.27.11.15/11.01.2016 |
| 2014-2015 | കെ.എസ്.എ ടി.എസ്.ആർ (എം) 1441/16 തി.9.08.2016 |
| 2015-2016 | കെ.എസ്.എ ടി.എസ്.ആർ (എം)15 /17 തീയതി 31.1.17 |
| 2016-17 | കെ.എസ്.എ ടി.എസ്.ആർ (എം)1629 /17 തീയതി 25.11.17/22.12.17 |
| 2017-18 | കെ.എസ്.എ ടി.എസ്.ആർ (എം)845/19 തീയതി 17.7.19 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(എം)326/20 തീ.19.06.2020 |

| | |
|---|---|
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ(എം1)324/22 തീ.11.05.2022 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്